VOL: II ISSUE NO 1 | MOC PUBLICATIONS, DEVALOKAM, KOTTAYAM | 2025 NOVEMBER

ഡോ.യാക്കൂബ് മാർ ഐറേനിയസ് മെത്രാപ്പോലീത്ത

എം.ഒ.സി.പബ്ലിക്കേഷൻ പ്രസിദ്ധീകരണങ്ങളുടെ അറിയിപ്പും സഭാ സംബന്ധമായ സാംസ്കാരിക വാർത്തകളും സഭാംഗങ്ങളുടെ മൂല്യാധിഷ്ഠിത രചനകളും ഡിജിറ്റൽ മീഡിയയിൽ ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്നു. 2025ലെ ആദ്യലക്കമാണിത്. നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വഴി സഭയുടെ ആരാധനാ ഗ്രന്ഥങ്ങൾ സഭാംഗങ്ങളിൽ എത്തിക്കുന്നതിനും, എഴുത്തുകാരായ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, വിശ്വാസികളുടെ പൊതുവായ പഠനത്തിനും ഉതകിയിട്ടുള്ളതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ഓരോ വാർത്താക്കുറിപ്പിലും എം.ഒ.സി. പ്രസിദ്ധീകരിക്കുന്ന പുതിയ പുസ്തകങ്ങളെ സംബന്ധിച്ചുള്ള അറിയിപ്പുകളും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

സഭാംഗങ്ങളുടെ സഹകരണവും പ്രോത്സാഹനവും പ്രതീക്ഷിച്ചുകൊണ്ട്

എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിഡന്റ്

കോട്ടയം ചെറിയപള്ളിയിലെ ചുമർ ചിത്രങ്ങളും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും ...2



കോട്ടയം ചെറിയപള്ളി മദ്ബഹയിലെ ചുമർചിത്രങ്ങൾ മറ്റ് ചിത്രസങ്കേതങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥവും രണ്ട് വർണ്ണങ്ങൾ ഉപയോഗിച്ചുള്ളവയുമാണ്. പച്ച നിറവും ബ്രിക് ചുവപ്പും. ....

നന്മയ്ക്കായുള്ള പ്രവാചക മുഴക്കം
ഫാ.ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ...3

ചിത്രമെഴുത്തിന്റെ ഐതിഹ്യമാല
ഡോ. പോൾ മണലിൽ 4

മലങ്കരയുടെ മഹാഗുരുക്കന്മാർ
റവ. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ ...5

ചരിത്രത്തിലേക്കു വിലപ്പെട്ട ഒരു സംഭാവന
ഡോ.പി.സി.അലക്സാണ്ടർ 6

മിനിക്കഥ
വർഗീസ് പി.തോമസ് 7

കവിത
ഫാ.ജോൺ സ്ലീബാ

മൂന്ന് കൊടിയുയർത്തൽ
റെജി പാറപ്പുറം

ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട്...
ഡോ.എം.കുര്യൻ തോമസ് 9

ടി. ജെ. എസ്. ജോർജിന് വിട

രാജ്യാന്തര തലത്തിൽ അംഗീകാരം ലഭിച്ച ടി.ജെ.എസ്.ജോർജിന്റെ മാതൃദേവാലയം തുമ്പമൺ സെന്റ് മേരീസ് കത്തീഡ്രലാണ്.

ജോർജ് തഴക്കര



പത്രപ്രവർത്തകൻ, കോളമിസ്റ്റ്, ഏഷ്യാ വീക്കിന്റെ സ്ഥാപകൻ, ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസം ചെയർമാൻ, ഗ്രന്ഥകാരൻ തുടങ്ങിയ നിലകളിൽ ടി. ജെ.എസ്. ജോർജ് അറിയപ്പെടുന്നു. 2011ൽ രാജ്യം അദ്ദേഹത്തെ പദ്മശ്രീ നൽകി ആദരിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ പത്രപ്രവർത്തകരിലെ രണ്ടാം തലമുറയിലെ പ്രമുഖനായ പത്രാധിപർ.

ഫ്രീ പ്രസ്സ് ജേർണൽ, ദി സേർച്ച് ലൈറ്റ്, ഫാർ ഈസ്റ്റ് ഇക്കണോമിക് റിവ്യൂ, ദ ന്യൂ ഇന്ത്യൻ എക്സ്പ്രസ്, സമകാലിക മലയാളം കാര്യദർശി തുടങ്ങിയ പത്രങ്ങളിലായി ഏഴരപതിറ്റാണ്ടുകാലം പ്രവർത്തിച്ചു.

1928 മേയ് 7ന് പത്തനംതിട്ട ജില്ലയിലെ തുമ്പമണ്ണിൽ തയ്യിൽ കുടുംബത്തിൽ ജനിച്ചു. ടി.ടി.ജേക്കബിന്റെയും ചാച്ചിയമ്മയുടെയും മകൻ. പി താവ് മജിസ്ട്രേറ്റായിരുന്നതിനാൽ കരുന്നാഗപ്പള്ളി, അമ്പലപ്പുഴ, നെയ്യാറ്റിൻകര തുടങ്ങിയ സ്ഥലങ്ങളിലായി മാറിമാറി വിദ്യാഭ്യാസം നടത്തി.

തിരുവനന്തപുരം യൂണിവേഴ് സിറ്റി കോളേജിൽ നിന്നും ബിരുദവും, മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം. തൊഴിൽ അന്വേഷണാർത്ഥം മുംബൈയിലെത്തി. ഫ്രീ പ്രസ്സ് ജേണലിൽ ജോലി ലഭിച്ചു.

മഹാത്മജി കണ്ട ഇന്ത്യയിൽ എന്തു മാറ്റം വന്നു എന്നറിയുന്നതിനായി മൂന്നാം ക്ലാസ് ടിക്കറ്റിൽ ട്രെയിൻ യാത്ര നടത്തി. കാശിയിലെ ചേരികളിലൂടെ സഞ്ചരിച്ചു. പനി പിടിച്ചു അർദ്ധാവബോധാവസ്ഥയിൽ കടത്തിണ്ണയിൽ കഴിഞ്ഞു. ലോകാനുഭവങ്ങൾ തന്നെ മാടിവിളിക്കുന്നതായി അനുഭവപ്പെട്ട ടി.ജെ.എസ്. ജോർജ് ചരക്കുകപ്പലിൽ യാത്രയായി. ചെലവിനുള്ള പണം സമ്പാദിക്കുന്നതിനായി കപ്പലിലെ ➲5

എഴുത്തുകാരുടെ ശില്പശാല ഡിസംബർ 13ന് പരുമലയിൽ

കോട്ടയം: എഴുത്തുകാരുടെ സംഗമവും ശില്പ ശാലയും ഡിസംബർ 23ന് പരുമലയിൽ.

മലങ്കര സഭയിലെ എഴുത്തുകാരുടെ സംഗമവും സർഗ രചന ശില്പശാലയും ഡിസംബർ 13 ന് പരുമലയിൽ നടത്താൻ മലങ്കര ഓർത്തഡോക്സ് സഭ പബ്ലിക്കേഷൻസ് കമ്മിറ്റി തീരുമാനിച്ചു. വിവിധ സാഹിത്യ വിഷയങ്ങളിൽ മൂല്യാന്വേഷണത്തോടെ രചനകൾ നടത്താൻ മാർഗദർശനം നടത്തുമെന്ന് എം.ഒ.സി. പബ്ലിക്കേഷൻ പ്രസിഡന്റ് ഡോ. യാക്കോബ് മാർ ഐറേനിയോസ് അറിയിച്ചു. ഇതോടനുബന്ധിച്ച് കാവ്യ സദസും എഴുത്തുകാരുടെ രചനകളുടെ അവതരണവും നടത്തും. അവതരിപ്പിക്കുന്ന രചനകൾ എം ഒ.സി. പബ്ലിക്കേഷന്റെ പത്രികയിൽ പ്രസിദ്ധീകരിക്കും.

പങ്കെടുക്കുന്നവർ ഫാ. എ ബ്രഹാം ജോൺ, സെക്രട്ടറി, എം .ഒ.സി പബ്ലിക്കേഷൻസ്, ഈരയിൽ കടവ്, കോട്ടയം എന്ന വിലാസത്തിലോ, കൺവീനറുമായോ (ഫോൺ 9447056626) ബന്ധപ്പെടണം.

ആരാധനക്രമങ്ങൾ
സഭാ ചരിത്രം
സഭാ വൈജ്ഞാനികം
പള്ളി ഉപകരണങ്ങൾ
എന്നിവയ്ക്കായി
എം. ഒ. സി പബ്ലിക്കേഷൻസ് കോട്ടയം
ബ്രാഞ്ചുകൾ
പരുമല, ദേവലോകം.

ഫാ.ജോസഫ് കുര്യാക്കോസിന് യാത്രയയപ്പ് നൽകി

ദേവലോകം: പതിനൊന്നു വർഷമായി പ്രസിദ്ധീകരണ വിഭാഗത്തിന്റെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ച ഫാ.ജോസഫ് കുര്യാക്കോസിന് യാത്രയയപ്പ് നൽകി.

അച്ചന്റെ സേവനം പ്രസിദ്ധീകരണവിഭാഗത്തിന് പുതിയൊരു ദിശാബോധം നൽകിയെന്നു പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ പറഞ്ഞു.

പ്രസിഡന്റ് ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത, വൈസ് പ്രസിഡന്റ് അഭി. യൂഹാനോൻ മാർ ദീയസ്കോറോസ്, സെക്രട്ടറി ഫാ.ഏബ്രഹാം ജോൺ തെക്കേതറയിൽ, സമിതി അംഗങ്ങളായ വെരി. റവ. ഫാ. ജോൺസ് കോനാട്ട് റീശ് കോർ എപ്പിസ്കോപ്പാ, വെരി.റവ.കെ.എൽ.മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ, ഫാ.ഡോ.റെജി മാത്യു, ഡോ.പോൾ മണലിൽ, ഡോ.ജേക്കബ് മണ്ണുംമൂട്, അഡ്വ. വർഗീസ് പി. മാത്യു, ജോർജ് തഴക്കര എന്നിവർ പ്രസംഗിച്ചു.

എം.ഒ.സി പ്രസിദ്ധീകരണ വിഭാഗത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ഫാ.ജോസഫ് കുര്യാക്കോസ് പങ്കുവയ്ക്കുകയുണ്ടായി.

MOC PUBLICATIONS
Devalokam, Kottayam Pin. 686004
Office: 0481-2561305, 94472 89237
e-mail: mocpublications@gmail.com
News : 98470 34901, 94473 55710

M.O.C PUBLICATIONS Committee

President:
H.G.Dr. Yakoob Mar Irenios Mob. 94957 03344
Vice Presidents:
H.G.Dr.Mathews Mar Timothios - 9447718511
H.G.Dr.Yuhanon Mar Diascoros - 9447464090
Secretary:
Fr. Abraham John Thekketharayil - 9847034901

Members
Rev.Fr.Dr.Johns Abraham Konattu
Reesh Cor-episcopa - 9447173133
Very.Rev.K.L.Mathew Vaidyan Cor-episcopa - 9495477420
Very.Rev.Fr.Dr.M.P.George Cor-episcopa - 9447056725
Rev.Fr.Dr.Reji Mathew- 9656792760
Rev.Fr.Dr.Varghese.P. Varghese 9447575055
Dr.Paul Manalil- 9447056626
Adv.Varghese.P.Thomas- 9497197385
Dr.Jacob Mannummoodu- 94477933292
Mr.Thomas John- 9966713563
Shri. George Thazhakara- 8921587848
(Editor in Charge : MOC Bulletin)

മലങ്കര സഭയുടെ പ്രസിദ്ധീകരണ വിഭാഗം 1982 ജൂലൈ മാസം 2-ാം തീയതി പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം രൂപീകൃതമായതാണ്. മലങ്കരസഭയിലെ എല്ലാ പ്രസിദ്ധീകരണങ്ങളും ഒരുമിച്ച് ഒരു ചുമതലയിൽ പ്രസിദ്ധീകരിക്കണമെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. ആദ്യകാലങ്ങളിൽ ആരാധനക്രമങ്ങൾ മാത്രമാണ് പ്രസിദ്ധീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ എല്ലാ മേഖലകളിലുമുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നു.

പുതിയ തലമുറക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ പ്രസിദ്ധീകരണത്തിന്റെ വിവരങ്ങളും പുസ്തക പരിചയപ്പെടലുകളും നടത്തുന്നതിനുവേണ്ടിയാണ് എം.ഒ.സി പബ്ലിക്കേഷൻസ് ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നത്. സമിതി അംഗം ജോർജ് തഴക്കരയാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. എവരുടെയും സഹകരണം ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു.

ഫാ. ഏബ്രഹാം ജോൺ തെക്കേതറയിൽ
സെക്രട്ടറി, എം.ഒ.സി. പബ്ലിക്കേഷൻസ്

ഫാ. ഡോ.കെ.എം.ജോർജ് ന്യൂ വിഷൻ മാസികയിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരം.

ലാവണ്യദർശനം: ഒരു വേദശാസ്ത്ര വീക്ഷണം
ഫാ.ഡോ.കെ.എം.ജോർജ്

ക്രൈസ്തവ ആരാധനയിലും ക്രിസ്തീയ ലോക വീക്ഷണത്തിലും ഒരു ലാവണ്യശാസ്ത്രാവബോധം അന്തർഭവിക്കുന്നുണ്ടെന്നും അതിനെ ക്രൈസ്തവ ആദ്ധ്യാത്മികതയിൽ നിന്ന് വേർതിരിക്കാൻ ആവുകയില്ലെന്നും സമർത്ഥിക്കുന്ന ഒരു നവദർശനത്തിലേക്ക് പ്രവേശിക്കാൻ അവശ്യം നടത്തേണ്ട മുന്നൊരുക്കങ്ങളെ ഈ ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു.

ഐക്കണോഗ്രാഫിയുടെ തത്ത്വം മുതൽ ദാദായിസത്തിൻറെയും സർറിയലിസത്തിൻറെയും മറ്റും സ്വഭാവം വരെ സൂക്ഷ്മതയോടെ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. നവീന ശാസ്ത്രത്തിന്റെയും പ്രയുക്ത ശാസ്ത്രത്തിൻറെയും ഉപദർശനങ്ങളും കണ്ടുപിടുത്തങ്ങളും എങ്ങനെ പുതിയ ലോകസങ്കല്പത്തെ വിശദീകരിക്കാൻ ഉതകുന്നു എന്നും അവ എങ്ങനെ വിശ്വാസ സത്യങ്ങളോട് അവിരുദ്ധത പുലർത്തുന്നു എന്നും സൂക്ഷ്മതയോടെ അന്വേഷിക്കുന്നതാണ് ഇതിൻറെ രീതി. ബലിഷ്ഠമായ വിശ്വാസത്തെ കൂടുതൽ ബലിഷ്ഠമാക്കാൻ അവ എങ്ങനെ ഉപകരിക്കുന്നു എന്ന് അന്വേഷിക്കുന്നതാണ് ഈ ഗ്രന്ഥത്തിൻറെ സ്വഭാവം. ലോകത്തോടും അതിൻറെ സൗഭാഗ്യസമൃദ്ധികളോടും കലഹിക്കാനല്ല, ആദ്ധ്യാത്മിക ജീവിതത്തെ ആഴമുള്ളതാക്കാൻ ഉപകരിക്കുന്നതായി ലോകത്തെ കാണാനാണ് ഗ്രന്ഥം ആവശ്യപ്പെടുന്നത്.

അവതാരിക **ഡോ. എം. തോമസ് മാത്യു**
പ്രസാധനം സി.എസ്.എസ്., തിരുവല്ല. വില: 390.00 രൂപ

കോട്ടയം ചെറിയപള്ളിയിലെ ചുമർ ചിത്രങ്ങളും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും

കോട്ടയം ചെറിയപള്ളി മദ്ബഹയിലെ ചുമർചിത്രങ്ങൾ മറ്റ് ചിത്രസങ്കേതങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥവും രണ്ട് വർണ്ണങ്ങൾ ഉപയോഗിച്ചുള്ളവയുമാണ്. പച്ച നിറവും ബ്രിക് ചുവപ്പും.

കിഴക്ക് ഭിത്തിയിൽ മാതാവിന്റെ കിരീടധാരണവും താഴെ മാതാവിന്റെ പൂർണ്ണകായ ചിത്രവും, താഴെ ഭാഗങ്ങളിലായി ഗബ്രിയേൽ മാലാഖ യേശുവിന്റെ ജനനം അറിയിക്കുന്നതും, മാതാവും എലിസബേത്തും, പത്രോസും പൗലോസും.

വടക്ക് ഭാഗത്ത് നിന്നാണ് യേശുക്രിസ്തുവിന്റെ ജീവിതത്തിലെ പ്രധാന മുഹൂർത്തങ്ങൾ ഉൾക്കൊണ്ട് വരച്ച ചിത്രങ്ങൾ ആരംഭിക്കുന്നത്. 'അവസാനത്തെ അത്താഴം' ചിത്രത്തിൽ തുടങ്ങി തെക്ക് കിഴക്കേ മൂലവരെ നീളുന്നതാണ് ചിത്രങ്ങൾ. അവസാനചിത്രം 'ഉയർത്തെഴുന്നേല്പ്' ആണ്. അവസാന അത്താഴത്തിന്റെ ചിത്രീകരണം ചെറിയ പാനലിൽ വളരെ ലളിതവും സാധാരണക്കാർക്ക് എളുപ്പം ഉൾക്കൊള്ളാവുന്നതുമാണ്.

'ഗത്സമനയുടെ' ചിത്രീകരണം ഒലിവ് മരത്തോട്ടത്തിൽ ശിഷ്യന്മാരായ പത്രോസ്, യോഹന്നാൻ, യാക്കോബ് എന്നിവർ മയക്കത്തിലും യേശുക്രിസ്തു മാലാഖയുടെ അടുത്ത് നിൽക്കുന്നതുമായ ചിത്രം. ഇതിൽ ഒലിവുമരങ്ങൾക്കും ശിഷ്യന്മാർക്കും പ്രാധാന്യം കൊടുത്തിരിക്കുന്നതായി കാണാം.

തുടർന്ന് യൂദാസ് ഒറ്റിക്കൊടുക്കുന്നത്, യൂദാസിന്റെ കയ്യിലെ പണക്കിഴിയും യേശുവിനെ ബന്ധിച്ചിരിക്കുന്നതുമായി ചിത്രീകരിച്ചിരിക്കുന്നു. വളരെ വലിയ ഒരു സംഭവത്തെ ലളിതമായി കാണിച്ചിരിക്കുന്നു.

യേശുവിന്റെ പീഡാനുഭവം, വിചാരണ, പീലാത്തോസ് കൈ കഴുകുന്നതും കുരിശിന്റെ യാത്രയും.

കുരിശിന്റെ യാത്രയുടെ ചിത്രത്തിൽ യേശു കുരിശ് ചുമക്കുന്നതും കുരിശിന് മുകളിൽ ഒരാൾ ഇരുന്ന് ചാട്ടവാർ വീശുന്നതായി കാണാം. കുരിശിന്റെ ഭാരവും കയറിയിരിക്കുന്ന ആളിന്റെ ഭാരവും ഏറ്റി നടക്കുന്ന ചിത്രം യേശുവിന്റെ പീഡനത്തിന്റെ കാഠിന്യം കാണിക്കുന്നു. തുടർന്ന് കുരിശിലേറ്റുന്നതും, ക്രൂശിൽ നിന്ന് മാതാവിന്റെ മടിത്തട്ടിലേക്ക് ഇറക്കി കിടത്തിയ ചിത്രം (പിയാത്ത) അവസാന ചിത്രം ക്രിസ്തുവിന്റെ ഉയർന്നെഴുന്നേൽപ്പാണ്.

സീലിങ്ങിലെ ഡിസൈനുകൾ

99 കള്ളികളുള്ള ഡിസൈനുകളാൽ അലങ്കരിച്ച സീലിങ്. ഓരോ കള്ളികളിലെയും ഡിസൈനുകൾ വ്യത്യസ്തവും. കലാകാരൻ കൂടുതൽ സ്വാതന്ത്ര്യം എടുത്തതായി കാണാം. പല കള്ളികളിലും തത്ത, കുതിര, പല്ലി, ആൾ രൂപങ്ങൾ എന്നിവ കാണാം. ഒന്നിനും പരസ്പരം ബന്ധമില്ല. ചില ഡിസൈനുകൾ കള്ളിയുടെ ബോർഡറിൽ വരച്ചതായി കാണാം. പക്ഷെ ഒന്നും തുടർച്ച ഉള്ളതായി കാണുന്നില്ല. പല കള്ളിയിൽ പലതരം ഡിസൈനുകളും പരീക്ഷിച്ചിട്ടുണ്ട്.

23 മാലാഖമാരുടെ അർദ്ധപ്രതിമ സീലിംഗിൽ കാണാം. എല്ലാം വ്യത്യസ്തമാണ്. ആർച്ചിന്റെ അകവശം ചുമരിൽ നടുവിൽ കുരിശും, അഭിമുഖമായി അലങ്കരിച്ച രണ്ടു കോഴികളെ കാണാം. കൂടാതെ മയിലുകൾ, വാദ്യോപകരണങ്ങൾ വായിക്കുന്നവർ, പടയാളി എന്നിവരെ കാണാം. പലകള്ളികളിലും പല വർണ്ണങ്ങൾ. നീല, കാവി, ചുവപ്പ്, ബ്രൗൺ, പച്ച, മഞ്ഞ എന്നീ നിറങ്ങൾ കാണാം. പാലിയേക്കര പള്ളിയിലെ ചിത്രങ്ങൾ പല പാനലായി അടുക്കായി വച്ചിരിക്കുന്നു. പള്ളിയുടെ കിഴക്കേ ഭിത്തിയിൽ മാത്രമാണ് ചിത്രങ്ങൾ ഉള്ളത്. കാഞ്ഞൂർ പള്ളിയിലെ പഴയ ചിത്രങ്ങൾ പുതുക്കിയിരിക്കുന്നു. കുറിച്ചി പള്ളിയിലും ചിത്രങ്ങൾ പുതുക്കിയിരിക്കുന്നു. അകപ്പറമ്പ് പള്ളിയിലും അങ്കമാലി പള്ളിയിലേയും ചിത്രങ്ങൾ അതേപോലെയുണ്ട്. എന്നാൽ നാശത്തിന്റെ വക്കിലാണ് അങ്കമാലി പള്ളിയിലെ ചിത്രങ്ങൾ. വലിയ പാനൽ ചിത്രങ്ങളും വർണ്ണങ്ങൾ നിറഞ്ഞവയുമാണ്. അതുകൊണ്ടു തന്നെ ചെറിയ പള്ളിയിലെ ചിത്രങ്ങൾ വ്യത്യസ്തവും ലളിതവും കലാകാരന് സ്വാതന്ത്ര്യം കൊടുത്തുകൊണ്ടുള്ളതുമാണ്. ചിത്രങ്ങളിൽ കളറിങ് നടത്തിയ രീതിയും വ്യത്യസ്തമാണ്. പച്ചയും ചുവപ്പും ചിത്രങ്ങളിൽ കളറിങ് നടത്തിയ രീതിയും വ്യത്യസ്തമാണ്. പച്ചയും ചുവപ്പും ചിത്രങ്ങളിൽ ഒലിച്ചിറങ്ങിയതായി കാണാം. അതിലൊന്നും കലാകാരൻ ശ്രദ്ധ കൊടുത്തിട്ടില്ല. എന്നാൽ ഒരു കഥ വായിക്കുന്നപോലെ ചിത്രങ്ങളെ ഉൾക്കൊള്ളാൻ സാധിക്കുന്ന രീതിയിലുള്ള രചനാപാഠവം ഇവിടെ കാണുന്നു.

നന്മക്കായുള്ള പ്രവാചക മുഴക്കം



നന്മയിലേക്കുള്ള രൂപാന്തരം

വില: 200 രൂപ

പൈതൃകം- മലങ്കര സഭാ സാഹിതീ സരണി

വോള്യം എഡിറ്റർ

ഫാ.ഡോ.ജോൺ തോമസ് കരിങ്ങാട്ടിൽ

ജനറൽ എഡിറ്റർ

ഡോ.എം.കുര്യൻ തോമസ്

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

ജനപ്രിയ ആത്മീയതയ്ക്ക് എതിരെ എഴുത്തിലും വാക്കിലും പ്രവാചക മുഴക്കം സൃഷ്ടിച്ച ഡോ. ഒ. തോമസച്ചന്റെ 27 ലേഖനങ്ങളുടെ സമാഹാരമാണ് നന്മയിലേക്കുള്ള രൂപാന്തരം. സഭ, സമൂഹം, കുടുംബം എന്നി പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള രചനകളിൽ മനുഷ്യവർഗ്ഗം നമ്മയിലേക്ക് രൂപാന്തരപ്പെടണം എന്ന് ആഹ്വാനം ചെയ്യുന്നു.

സാമൂഹിക ശാസ്ത്ര പശ്ചാത്തലത്തിലും കൗൺസലിങ്ങ് രീതി ശാസ്ത്രത്തിലും വേദവിശകലനം പകർന്ന പാരമ്പര്യമാണ് പ്രശസ്ത കൺവൻഷൻ പ്രസംഗകനും മനഃശാസ്ത്രജ്ഞനുമായിരുന്ന ഡോ. ഒ തോമസച്ചന്റെ എഴുത്തുകളിലും പ്രഭാഷണങ്ങളിലും ശക്തിപ്പെട്ടത്. നാലര പതിറ്റാണ്ടായി ഇടയശുശ്രൂഷയിലും പ്രബോധനത്തിലും ജാഗ്രതയോടെ പ്രവർത്തിച്ച വന്ദ്യ ഡോ. ഒ. തോമസച്ചനിൽ ശക്തിപ്പെട്ടത് ക്രിസ്തുദർശനം വിസ്മരിച്ച്, സഭയിലും സമൂഹത്തിലും പ്രചാരമേറുന്ന ജനകീയ ആത്മീയതയോടുള്ള നിരന്തരമായ പോരാട്ടമായിരുന്നു. ഇത് വാക്കുകളിലും വ്യാഖ്യാനങ്ങളിലും അതിശക്തമായി സംക്രമിച്ചു.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലിത്തായിൽ നിന്നും ഉൾകൊണ്ട ജ്ഞാനസിദ്ധാന്തങ്ങളും വചന ബോധ്യങ്ങളുമാണ് ഡോ. ഒ തോമസച്ചനെ സ്വാധീനിച്ചിട്ടുള്ളത്. വേദശാസ്ത്ര വിദ്യാഭ്യാസത്തിലും കൗൺസലിങ്ങ് മേഖലയിലും യുവജന വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലും സൺഡേസ്കൂളിലും മിഷൻ പ്രവർത്തന രംഗങ്ങളിലും ഡോ. ഒ.തോമസച്ചൻ നടത്തിയ ഇടപെടലുകൾ മായാത്ത പാദമുദ്രകളാണ്.

അസാധാരണമായ സർഗ്ഗശേഷിയും നേതൃത്വഗുണവും കൗൺസലിങ്ങിലുള്ള പ്രഗൽഭ്യവും ബോധന പാടവവും പ്രഭാഷണ ചാതുര്യവും സമന്വയിച്ച പിതാവും ഗുരുവുമായിരുന്ന ഡോ.ഒ. തോമസച്ചൻ 2022 സെപ്തംബർ 12ന് രാത്രി 11.30 ന് അന്തരിച്ചു.

ചേപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിൽ അന്ത്യവിശ്രമം കൊള്ളുന്ന ഈ ഗുരു സാന്നിധ്യത്തിന്റെ വേർപാട് മലങ്കര സഭയ്ക്ക് തീരാനഷ്ടമാണ്. എങ്കിലും അദ്ദേഹം പങ്കിട്ട വേദബോധനങ്ങളിൽ നിറഞ്ഞു നിൽക്കുന്നത് വർദ്ധിച്ചുവരുന്ന ആത്മീയ മൂല്യത്തകർച്ചക്ക് എതിരെയുള്ള വ്യാഖ്യാനങ്ങളായിരുന്നു. ഏത് വിഷയങ്ങൾ അപഗ്രഥിച്ചാലും അതിൽ ഫാ.ഡോ. ഒ. തോമസച്ചന്റെ ബദൽ വായനയും വ്യാഖ്യാനവും ഉണ്ടായിരിക്കും. അത് കുടുംബ പശ്ചാത്തലത്തിലുള്ള അപഗ്രഥനവും ആയിരിക്കും.

കുടുംബ കൗൺസിലർ എന്ന നിലയിൽ നാലുപതിറ്റാണ്ടിലധികം അനുഭവ പരിചയമുള്ള ഒ.തോമസ് അച്ചൻ സഭയോട് ചോദിക്കുന്നു, വിവാഹ മോചനം ഇത്രയും ലളിതമാക്കാമോ?. ഇതിലെ ഒന്നാം ലേഖനത്തിൽ കോടതി വിവാഹമോചനം നൽകിയവർക്ക് യാതൊരു വിവേചനവും കൂടാതെ പുനർ വിവാഹത്തിന് അനുവദിക്കുന്നു. വിവാഹം പള്ളിയിൽ വച്ച് നടക്കുന്നതിനാൽ ഒരു വിവാഹവു മോചിക്കപ്പെടാതിരിക്കുവാൻ എല്ലാ പരിശ്രമങ്ങളും സഭയുടെ ഭാഗത്തു നിന്ന് ചെയ്യണം. കർത്താവും സഭയും തമ്മിലുള്ള ബന്ധം പോലെയാണ് ഭാര്യാഭർത്തൃ ബന്ധം എന്നു ദമ്പതികളെ ബോധ്യപ്പെടുത്തുന്ന സഭ , വിവാഹമോചന താല്പര്യത്തിൽ നിന്നും ദമ്പതികളെ പിൻതിരിപ്പിക്കുവാൻ ധാർമ്മികമായ ചുമതലയില്ലേ? വിവിധ ഇനം ഫീസുകൾ വിവാഹത്തിന് വാങ്ങിയത് കുടുംബ കോടതിയല്ല, പള്ളിയും സഭയുമാണ്.

കുടുംബ കൗൺസിലർ എന്ന നിലയിൽ നാലുപതിറ്റാണ്ടിലധികം അനുഭവ പരിചയമുള്ള ഒ.തോമസ് അച്ചൻ സഭയോട് ചോദിക്കുന്നു, വിവാഹ മോചനം ഇത്രയും ലളിതമാക്കാമോ?. ഇതിലെ ഒന്നാം ലേഖനത്തിൽ കോടതി വിവാഹമോചനം നൽകിയവർക്ക് യാതൊരു വിവേചനവും കൂടാതെ പുനർ വിവാഹത്തിന് അനുവദിക്കുന്നു. വിവാഹം പള്ളിയിൽ വച്ച് നടക്കുന്നതിനാൽ ഒരു വിവാഹവു മോചിക്കപ്പെടാതിരിക്കുവാൻ എല്ലാ പരിശ്രമങ്ങളും സഭയുടെ ഭാഗത്തു നിന്ന് ചെയ്യണം. കർത്താവും സഭയും തമ്മിലുള്ള ബന്ധം പോലെയാണ് ഭാര്യാഭർത്തൃ ബന്ധം എന്നു ദമ്പതികളെ ബോധ്യപ്പെടുത്തുന്ന സഭ , വിവാഹമോചന താല്പര്യത്തിൽ നിന്നും ദമ്പതികളെ പിൻതിരിപ്പിക്കുവാൻ ധാർമ്മികമായ ചുമതലയില്ലേ? വിവിധ ഇനം ഫീസുകൾ വിവാഹത്തിന് വാങ്ങിയത് കുടുംബ കോടതിയല്ല, പള്ളിയും സഭയുമാണ്. തക്കസമയത്ത് ഫലപ്രദമായ ഇടപെടൽ ഉണ്ടായിരുന്നെ ങ്കിൽ പല ദമ്പതികളും വേർപിരിയുകയില്ലായിരുന്നു എന്ന് കൗൺസലിങ്ങ് പഠനാനുഭവത്തിൽ നിന്നും വെളിപ്പെടുത്തുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനായി സഭയിൽ കുടുംബ ക്ഷേമ സമിതി രൂപീകരിച്ച് കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

വലിയ സാമ്പത്തിക സൗകര്യങ്ങളുള്ള ദമ്പതിമാർ ഒരു കുഞ്ഞിൽ മാത്രം സന്തോഷം കണ്ടെത്തുന്ന സമീപനം മാറണമെന്ന് 'മക്കൾ ദൈവത്തിന്റെ ദാനം' എന്ന പാഠത്തിൽ ഫാ.ഡോ ഒ. തോമസ് പറയുന്നു. കുട്ടികളുടെ എണ്ണത്തെപ്പറ്റി ദമ്പതിമാർ പ്രാർത്ഥനാപൂർവ്വം തീരുമാനിക്കണമെന്നും ഒരു കാരണവശാലും ഗർഭഛിദ്രത്തിന് മുതിരരുതെന്നും ഓർമ്മപ്പെടുത്തുന്നു. ആൺ പെൺ വേർ കൃത്യങ്ങൾ ഉണ്ടാകാതെ മക്കൾ ദൈവ ദാനം എന്ന ആത്മീയ ചിന്ത വളർത്തണം. സൗന്ദര്യമോ ബുദ്ധി ശേഷിയോ ലിംഗ വേർകൃത്യമോ ഇല്ലാതെ മക്കളെ അംഗീകരി ക്കുവാനും കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും മാതാ പിതാക്കൾ ബാധ്യസ്ഥരാണ്. മക്കൾ ദൈവത്തിന്റെ ഏറ്റവും വലിയ വരദാനം എന്നും തിരിച്ചറിയണം.

ഓർത്തഡോക്സ് വീക്ഷണത്തിൽ കുടുംബത്തെ അപഗ്രഥിക്കുന്ന ഇതിലെ ഇംഗ്ലീഷ് ലേഖനങ്ങൾ അതീവ ഹൃദ്യമാണ്. കുടുംബത്തിന്റെ മാതൃക വിശുദ്ധ ത്രത്വമാണ്. ഭാര്യയും ഭർത്താവും മക്കളും സ്നേഹത്തിൽ ഒന്നായി തീരുന്ന മാതൃകയാണത്. വ്യത്യസ്ത ദാമ്പത്യ ഉത്തരവാദിത്വങ്ങൾ സ്നേഹത്തിൽ പരസ്പരം ഉൾച്ചേരുന്നു എന്ന് വ്യക്തമാക്കുന്നു.

കേരളത്തിൽ നിരവധി കുടിയേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. പാശ്ചാത്യ ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റങ്ങൾ പ്രവാസ ജീവിതവും അണുകുടുംബവും സൃഷ്ടിച്ചു. കൂട്ടുകുടുംബങ്ങളിലെ ആത്മീയതയും ഗുരു സാന്നിധ്യവും അണുകുടുംബങ്ങളിലില്ല. തെറ്റും ശരിയും വേർതിരിച്ച് കൊടുക്കുവാൻ ആളില്ലാത്തതിനാൽ പല കുടുംബങ്ങളും അരാജകത്വത്തിലാകുന്നു. മക്കളെയും ഭാര്യയേയും നാട്ടിലാക്കി പ്രാവാസ ജീവിതം നയിക്കുന്ന അനേകർക്ക് സാമ്പത്തിക ഭദ്രത ലഭിക്കുമെങ്കിലും കുടുംബ ബന്ധങ്ങളിൽ വിള്ളലുണ്ടാകുന്നു. ഭാര്യാ ഭർത്തൃ ബന്ധത്തിലും കുട്ടികളെ ശിക്ഷണത്തിൽ വളർത്തുന്നതിലും വീഴ്ച സംഭവിച്ചാൽ അതു ഗുരുതരമായിരിക്കും എന്ന് ഫാ.ഡോ.ഒ. തോമസ് വ്യക്തമാക്കുന്നു.

ഓർത്തഡോക്സ് ആത്മീയതയെക്കുറിച്ച് ദീർഘമായ സംവാദം ഡോ.ഒ. തോമസച്ചൻ അവതരിപ്പിക്കുന്നു. ആഗോള വൽക്കരണവും ഉത്തരാധുനികതയും സമ്മേളിച്ചിരിക്കുന്ന ഈ കാലഘട്ടം ഉപഭോഗസംസ്കാരത്തെ പരിപോക്ഷിപ്പിക്കുന്നു. ശക്തിപ്പെടുന്ന ആഗോള താല്പര്യങ്ങൾക്ക് ബദലാണ് ഓർത്തഡോക്സ് ആത്മീയത. അത് സാമൂഹികവും പാരിസ്ഥിതികവും നിറഞ്ഞ കൂട്ടായ്മയാണ്. ദൈവരാജ്യ കെട്ടു പണിക്കുള്ള പങ്കാളിത്തമാണ്. ഇത് പ്രകടനാത്മകമായ നന്മയെക്കാൾ മൗനത്യാഗമാണ്. കുരിശും കിരീടവും സ്വയം ഏറ്റെടുക്കുന്നതും മറ്റുള്ളവരെ ന്യായം വിധിക്കാതെ എല്ലാവരേയും സ്നേഹിക്കുന്നതുമാണ് ഓർത്തഡോക്സ് ആത്മീയത. ഓർത്തഡോക്സ് ആത്മീയതയുടെ നന്മകൾ ഉൾക്കൊള്ളുവാൻ കുടുംബ പശ്ചാത്തലത്തിൽ പരിശീലനം നേടണമെന്ന് ഫാ.ഡോ. ഒ. തോമസ് പറയുന്നു.

മാനസിക ആരോഗ്യവും ആത്മീയതയും എന്ന ലേഖനം മലയാളി യുടെ മാനസിക ആരോഗ്യപ്രശ്നങ്ങൾ അക്കമിട്ട് നിരത്തിയിരിക്കുക യാണ്. വ്യക്തികൾക്ക് ഏറ്റവും വലിയ സുരക്ഷിതത്വം നൽകേണ്ടത് ഭവനങ്ങളാണ്. ഡോ. ഒ.തോമസച്ചൻ പറയുന്നു: 'ആദ്യം കുടുംബങ്ങൾ വ്യക്തികൾക്ക് സുരക്ഷിതത്വം നൽകട്ടെ, അതിന്റെ പ്രതിഫലനം സമൂഹത്തിലേക്കും വ്യാപിച്ചു കൊള്ളും. സ്വയം മതിപ്പ്, അപരനെ അംഗീകരിക്കൽ, പ്രതിസന്ധികളിൽ ഇടറാത്ത മനസ്, നന്മയിലേക്കുള്ള വളർച്ച എന്നിവ ഒരോ വ്യക്തിയും സ്വയം ആർജ്ജിക്കണം'.

ദൈവാശ്രയ ബോധം മാനസിക ആരോഗ്യത്തെ വർദ്ധിപ്പിക്കും എന്ന കാൾ യുംഗ് എന്ന മനശാസ്ത്രജ്ഞന്റെ സിദ്ധാന്തം ഉദ്ധരിച്ച് ശരിയായ ആത്മീയത മാനസിക ആരോഗ്യത്തെ വർദ്ധിപ്പിക്കും എന്ന് വ്യക്തമാ ക്കുന്നു. സ്വാർത്ഥ താല്പര്യങ്ങളോടെ നടത്തുന്ന അനുഷ്ഠാനങ്ങളും പ്രാർത്ഥനകളും വിശ്വാസിക്ക് ശരിയായ മാനസിക ആരോഗ്യം നൽകുന്നില്ല. നന്മയിലേക്കുള്ള വളർച്ചയും രൂപാന്തരവും മാനസിക ആരോഗ്യം പകരുന്ന ആത്മീയതയാണ്.

ആത്മീയതയും സാമൂഹിക പ്രതിബദ്ധതയും കുടുംബ പശ്ചാത്തലത്തിൽ വളർന്നു വരണമെന്നും എത്രയും ലളിതമായി ജീവിക്കുന്ന ഒരു ശൈലി സ്വജീവിതത്തിൽ വളർത്തിയെടുക്കണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. പ്രത്യയ ശാസ്ത്ര ദർശനങ്ങളെക്കാൾ ദൈവസ്നേഹത്തിലും മനുഷ്യ സ്നേഹത്തിലും പ്രചോദിതമായ സാമൂഹിക പ്രതിബദ്ധതയാണ് വിശ്വാസികൾക്ക് ഉണ്ടാകേണ്ടത്. തിരസ്കൃതരുടെ പക്ഷം ചേർന്ന് നീതിക്കായി പോരാടുവാനും പരിസ്ഥിതി സംരക്ഷണം ഏറ്റെടുക്കുവാനും കഴിയണം. ആത്മീയമായി ജീവിക്കുന്ന വിശ്വാസികൾക്ക് സാമുഹിക പ്രതിബദ്ധത കടമയും ഉത്തരവാദിത്വവുമാണെന്ന് സവിസ്തരം ഇതിൽ പ്രതിപാദിക്കുന്നു. ഇത്തരം കടമകൾ വിസ്മരിക്ക പ്പെടുമ്പോൾ വിശ്വാസികൾ യറുശലേം ടൂറിൽ പങ്കു ചേരും.

'വിശുദ്ധ നാട് തീർത്ഥാടന ടൂറിനെ' ഫാ.ഡോ.ഒ.തോമസ് വിമർശനാത്മകമായി സമീപിക്കുന്നു. വിശുദ്ധനാട് തീർത്ഥാടനത്തിലൂടെ ലഭിക്കുന്ന ടൂറിസ വരുമാനം അമേരിക്കയുടെ സഹായത്തോടെ പാലസ്തീനികളെ അടിച്ചമർത്തുവാൻ സഹായിക്കുന്നു. ഇത്തരത്തിൽ വിശുദ്ധ നാട് തീർത്ഥാടനം അത്ര വിശുദ്ധമല്ല എന്ന് സ്ഥാപിക്കുന്നു. ഇടയന്മാർ വിശ്വാസികളെ യറുശലേമിൽ കൊണ്ടുപോകാനുള്ള ദൗത്യശ്രമങ്ങളിൽ നിന്ന് പിന്തിരിയണമെന്നും ആഹ്വാനം ചെയ്യുന്നു.

ആത്മീയതയിലെ വൈകല്യങ്ങൾ അക്കമിട്ട് ചൂണ്ടിക്കാണിക്കുമ്പോൾ അവയെ പ്രതിരോധിക്കുവാൻ ഏവരും നിസ്സഹായകരാണ്. പരീശമത സ്വാധീനങ്ങൾ, പള്ളികളിലെ ജാതി വ്യവസ്ഥ, തിരുശേഷിപ്പ് വണക്കം, പെരുന്നാളുകളിലെ ധൂർത്ത്, അനുതാപമില്ലാത്ത കുർബ്ബാന അനുഭവം, കുദാശാനുഷ്ഠാനങ്ങളിലെ ധൂർത്ത്ഇങ്ങനെ വിവിധയിനം യാഥാർത്ഥ്യങ്ങളാണ് ചൂണ്ടിക്കാട്ടുന്നത്.

ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രകഥകൾ

സമാഹരണം, സംശോധനം
ഡോ.പോൾ മണലിൽ
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 600 രൂപ

ഡോ. പോൾ മണലിൽ

ചിത്രമെഴുത്തിന്റെ ഐതിഹ്യമാല

ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ചരിത്രരചനകളിൽ വേറിട്ടു നിൽക്കുന്ന ആറു കൃതികളാണ് ഈ സമാഹാരത്തിൽ അവതരിപ്പിക്കുന്നത്. ചരിത്രവും ഭാവനയും നോവൽ രചനകളിൽ അവതരിപ്പിക്കുന്ന ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന ആഖ്യാനതന്ത്രം ഏതാണ്ട് ഒരു നൂറ്റാണ്ട് മുമ്പ് തന്റെ ജീവചരിത്ര രചനാശൈലിയിൽ പ്രയോഗിച്ച എഴുത്തുകാരനാണ് ചിത്രമെഴുത്ത് കെ. എം. വർഗീസ്. ജീവചരിത്രത്തെ അദ്ദേഹം ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ആക്കുകയാണ് ചെയ്തിട്ടുള്ളത്.

നോവൽ രചനയും ജീവചരിത്രരചനയും വ്യത്യസ്തമാണെങ്കിലും ചരിത്രത്തിന്റെ നോവൽവൽക്കരണത്തിലും നോവലിന്റെ ചരിത്രവൽക്കരണത്തിലും ജീവചരിത്രത്തിന്റെ അംശങ്ങൾ അടങ്ങിയിരിക്കുന്നുണ്ട്. എന്നാൽ ഈ ഗ്രന്ഥത്തിലെ ആറു ജീവചരിത്രങ്ങൾ രചിച്ചപ്പോൾ ചിത്രമെഴുത്ത് കെ. എം. വർഗീസ് ജീവചരിത്രത്തെ നോവൽവൽക്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന ആധുനിക നോവൽ രചനാശൈലി പ്രയോഗത്തിൽ വരുന്നതിനു എത്രയോ സംവത്സരങ്ങൾക്കു മുമ്പ് ചിത്രമെഴുത്ത് കെ.എം. വർഗീസ് ചരിത്രവും ഭാവനയും തന്റെ ജീവചരിത്ര രചനാസമീപനത്തിൽ സമന്വയിപ്പിച്ചിരിക്കുന്നു.

> **തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം, മാത്യൂസ് മാർ അത്താനാസിയോസിന്റെ പഞ്ചകല്യാണി, പുണ്യവാളനായ ശവരിയാർ, നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി എന്നീ ചരിത്രകഥകൾ സമ്പൂർണ്ണ ജീവചരിത്രങ്ങളല്ലെങ്കിലും അതെല്ലാം ചില വ്യക്തികളുടെ ജീവിതമഹിമ അനാവരണം ചെയ്യുന്ന രചനകളാണ്. 1929 മുതൽ 1955 വരെയുള്ള കാലയളവിൽ രചിക്കപ്പെട്ട ചരിത്രകഥകളാണ് ഇവയെല്ലാം. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാല പോലെ ചിത്രമെഴുത്ത് കെ.എം. വർഗീസ് എഴുതിയ ഒരു ഐതിഹ്യമാലയാണ് ഈ പുസ്തകം.**

തച്ചിൽ മാത്തു തരകന്റെ തങ്കക്കൊമ്പൻ, വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും, അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം, മാത്യൂസ് മാർ അത്താനാസിയോസിന്റെ പഞ്ചകല്യാണി, പുണ്യവാളനായ ശവരിയാർ, നെല്ലിമൂട്ടിലെ നമ്മുടെ അമ്മച്ചി എന്നീ ചരിത്രകഥകൾ സമ്പൂർണ്ണ ജീവചരിത്രങ്ങളല്ലെങ്കിലും അതെല്ലാം ചില വ്യക്തികളുടെ ജീവിതമഹിമ അനാവരണം ചെയ്യുന്ന രചനകളാണ്. 1929 മുതൽ 1955 വരെയുള്ള കാലയളവിൽ രചിക്കപ്പെട്ട ചരിത്രകഥകളാണ് ഇവയെല്ലാം. കൊട്ടാരത്തിൽ ശങ്കുണ്ണി എഴുതിയ ഐതിഹ്യമാല പോലെ ചിത്രമെഴുത്ത് കെ. എം. വർഗീസ് എഴുതിയ ഒരു ഐതിഹ്യമാലയാണ് ഈ പുസ്തകം. മലങ്കരസഭയുടെ ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലേക്കു കടന്നുചെല്ലാൻ ഇതിലെ കഥകൾ വായനക്കാരെ പ്രചോദിപ്പിക്കുന്നു. ചരിത്രവും ഭാവനയും ജീവിതവും മാത്രമല്ല ഇതിലെ കഥകൾക്കു മാറ്റുരയ്ക്കുന്നത്. യുക്തിയും അനുമാനവും അന്വേഷണവും ഇതിന്റെ ഭാവുകത്വത്തെ പ്രകാശിപ്പിക്കുന്നു.

മലയാളത്തിലെ നോവലുകളിൽ തുടക്കം മുതൽ ചരിത്രകഥകൾ പ്രമേയമാക്കിയിട്ടുണ്ട്. സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ മുതൽ ചരിത്രസംഭവങ്ങളുടെ ചിത്രീകരണം നോവലുകളിൽ ഉണ്ടായിട്ടുണ്ട്. അതാണ് ചരിത്രത്തിന്റെ നോവൽവൽക്കരണം. രണ്ടാമത്തെ ചരിത്രസമീപനം നോവലിൽ കാണുന്നതു നോവലിന്റെ ചരിത്രവൽക്കരണത്തിലാണ്. ഭാവനയും യാഥാർത്ഥ്യവും സമന്വയിപ്പിച്ചുകൊണ്ട് തകഴി എഴുതിയ 'കയറും' ഉറൂബ് എഴുതിയ 'സുന്ദരികളും സുന്ദരന്മാരും' അതിനൊരു ദൃഷ്ടാന്തമാണ്.

ചിത്രമെഴുത്ത് കെ.എം.വർഗീസ് ആകട്ടെ ജീവചരിത്രത്തെ ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ആക്കുകയാണ് ചെയ്തിരിക്കുന്നത്. ചരിത്രം സമൂഹത്തിൽ നിന്നു വേറിട്ടുനിൽക്കുന്ന ഒന്നല്ലെന്നു ഈ പുസ്തകത്തിലെ ജീവചരിത്രരേഖകൾ സമർത്ഥിക്കുന്നു. മനുഷ്യന്റെ അസ്തിത്വവുമായി ബന്ധപ്പെടുത്തി ചരിത്രമാനങ്ങൾ ആവിഷ്ക്കരിക്കാനാണ് ഈ സമാഹാരത്തിലെ ചരിത്രകഥകളിലൂടെ ചിത്രമെഴുത്ത് കെ.എം.വർഗീസ് ഉദ്യമിക്കുന്നത്. ചരിത്രത്തിന്റെ അറിയപ്പെടാത്ത ചില അടരുകൾ അവതരിപ്പിച്ചുകൊണ്ടാണ് ജീവിതവും ചരിത്രവും തമ്മിലുള്ള പൊരുത്തം ചിത്രമെഴുത്ത് കെ.എം.വർഗീസ് അന്വേഷിക്കുന്നത്. ഇവിടെ ചരിത്രരേഖകളുടെ തെറ്റും ശരിയും അപ്രസക്തമാണെന്നു ഞാൻ കരുതുന്നു. അതായത്, ചരിത്രത്തിന്റെ പരിമിതിയല്ല, അതിന്റെ സാധ്യതയാണ് പ്രസക്തമായിട്ടുള്ളത്. അതായത്, ഇതിലെ ചരിത്രകഥകളിലൂടെ ഗ്രന്ഥകാരൻ നടത്തുന്നതു സത്യത്തിന്റെ അന്വേഷണമാണ്. ചരിത്രവും ചരിത്രവീക്ഷണവും ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ ജീവചരിത്ര രചനാസ്വഭാവത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിയിരിക്കുന്നതായി വായനക്കാർക്കു അനുഭവപ്പെടുന്നു.

കേരള ചരിത്രത്തിൽ എഴുതപ്പെടാതെപോയ ചില ചരിത്രങ്ങളിലൂടെ സഞ്ചരിക്കുന്ന ചിത്രമെഴുത്ത് കെ. എം. വർഗീസ് ഈ ചരിത്രകഥകളിലൂടെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രപാരമ്പര്യത്തിലേക്കും അവരുടെ പൗരുഷത്തിലേക്കും വെളിച്ചം വീശുന്ന സത്യാന്വേഷണമാണ് നടത്തിയിരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴിയും. ഈ ആഖ്യാനങ്ങളിൽ എടുത്തുപറയേണ്ട ഒരു കാര്യം പ്രസക്തവും പ്രകാശമാനവുമായ ഗദ്യശൈലിയാണ്. മലയാള ഗദ്യം അതിന്റെ സൗന്ദര്യവും സൗരഭ്യവും പരത്തുകയാണ് ചിത്രമെഴുത്ത് കെ. എം. വർഗീസിലൂടെ. അതുപോലെ വേറിട്ടുനിൽക്കുന്ന ഒരു കാര്യമാണ് ഗ്രന്ഥകാരന്റെ ചരിത്രവീക്ഷണം. ഐതിഹ്യങ്ങളിൽ അന്തർലീനമായിരിക്കുന്ന ചരിത്രത്തെ യുക്തികൊണ്ടും അനുമാനം കൊണ്ടും വേർതിരിക്കാമെങ്കിൽ ചിത്രമെഴുത്ത് കെ.എം.വർഗീസിന്റെ ചരിത്രകഥകളെ സത്യം കൊണ്ടും അനുഭവംകൊണ്ടും വേർതിരിക്കാവുന്നതാണ്. ചരിത്രത്തെ ഗ്രന്ഥകാരൻ അനുഭവമാക്കുകയാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് ജീവചരിത്രത്തെ അദ്ദേഹം ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ആക്കിയിരിക്കുന്നുവെന്ന് ഞാൻ ചൂണ്ടിക്കാട്ടിയത്.

സാഹിത്യരചനകൾ

ചിത്രമെഴുത്തിന്റെ രചനകളിൽ കല്ലൂർ ഫിലിപ്പോസ് ആശാൻ, പൗവ്വത്തിക്കുന്നേൽ കുടംബചരിത്രം, 'ശ്രീചക്രം' എന്ന നോവൽ എന്നിവ ഒഴിച്ചു എല്ലാ കൃതികളും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വലിയ മാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും(1929) നെല്ലിമൂട്ടിലമ്മച്ചി, തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ(1929) വേണാടിന്റെ നടുത്തൂൺ അഥവാ പുണ്യവാളനായ ശവരിയാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം അഥവാ ഡച്ചുകാരുടെ പന്തീരായിരം(1987) എന്നീ ചാരിത്രിക കഥകളും ചിട്ടിത്തലയാൾ എന്ന നോവലും സുറിയാനി ക്രിസ്താനികളുടെ രാജ്യരക്ഷാപുരുഷത്വം, കേരളീയ നസ്റാണികളുടെ രാഷ്ട്രീയ സേവനം (1936) എന്നീ ചരിത്രഗ്രന്ഥങ്ങളും ചെങ്കോലും മുരളിയും എന്ന ഗദ്യ കവിതാസാമാഹരവും സുചരിത മുകുരം (1950) എന്ന കഥാ സമാഹാരവുമാണ് പുസ്തകരൂപത്തിൽ വന്നിട്ടുള്ളത്. സുചരിതമുകുരം പ്രസാധനം ചെയ്തതു മാവേലിക്കരയിലെ അഡ്വ. കെ.ഒ. മാത്യു വള്ളക്കാലിയാണ്. സമാഹരിക്കപ്പെടാതെ കിടക്കുന്ന ലേഖനങ്ങളും കഥകളും വേറെയും ഉണ്ട്.

ചിത്രമെഴുത്തിന്റെ ആത്മകഥ 2002-ൽ ഡോ. സുകുമാർ അഴിക്കോടിന്റെ അവതാരികയോടെയാണ് പ്രസിദ്ധീകരിച്ചത്. കേരളീയ നസ്രാണികളുടെ രാഷ്ട്രീയ സേവനം 2013-ൽ കെ.വി.മാമ്മന്റെ അവതാരികയോടെയും പുറത്തിറക്കി. വേണാടിന്റെ നടുത്തൂണിനു കെ.സി. മാമ്മൻ മാപ്പിളയും സുചരിത മുകുരത്തിനു മുൻ കേന്ദ്ര ഗവ. സെക്രട്ടറി പി.സി.മാത്യു ഐ.സി.എസ്സും ചിട്ടിത്തലയാളിനു ഇ.എം.കോവൂരുമാണ് അവതാരിക എഴുതിയത്. പഞ്ചകല്യാണിയുടെ പുതിയ പതിപ്പിനും(2013) നെല്ലിമൂട്ടിലമ്മച്ചിയുടെ പുതിയ പതിപ്പിനും(2015) ഡോ.പോൾ മണലിൽ അവതാരിക എഴുതി. 'അഞ്ചാം മാർത്തോമ്മായുടെ പീഡാനുഭവം' ഒഴിച്ചുള്ള എല്ലാ ചരിത്ര കഥകളും 'മലയാള മനോരമ'യിലാണ് ആദ്യം അച്ചടിച്ചു വന്നത്. പിന്നീട് മലയാള മനോരമ തന്നെ ഇവ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ചിട്ടിത്തലയാൾ പ്രസിദ്ധപ്പെടുത്തിയതു പുളിക്കീഴ് ഭാഗ്യോദയം പ്രസ് ഉടമയായിരുന്ന പി.സി. കോരുതായിരുന്നു. തച്ചിൽ മാത്തൂത്തരകന്റെ തങ്കക്കൊമ്പൻ, പഞ്ചകല്യാണി, വലിയമാർ ദീവന്നാസ്യോസും തരണനല്ലൂർ നമ്പൂതിരിപ്പാടും എന്നീ ഗ്രന്ഥങ്ങൽ 1987-ൽ കോട്ടയത്തെ എം.ഒ.സി. പബ്ലിക്കേഷൻസ് വീണ്ടും പ്രസിദ്ധപ്പെടുത്തി. (തുടരും)

ചിത്രമെഴുത്ത് കെ. എം. വർഗീസ്

ചിത്രമെഴുത്തു കെ.എം.വർഗീസ് 1888-ൽ മാവേലിക്കരയിൽ ജനിച്ചു. പ്രാരംഭവിദ്യാഭ്യാസത്തിനുശേഷം 16-ാമത്തെ വയസ്സിൽ കൊട്ടാരം ആർട്ടിസ്റ്റ് മുകുന്ദൻ തമ്പിയുടെ കീഴിൽ ചിത്രമെഴുത്ത് അഭ്യസിച്ച് ആ കലയിൽ പ്രാവീണ്യം നേടി. സാഹിത്യ വിഷയകമായ പരിശ്രമങ്ങൾ അക്കാലത്താണ് ആരംഭിച്ചത്. 1925നു ശേഷം മലയാള മനോരമ പത്രത്തിലും പൗരപ്രഭയിലും മറ്റും പ്രസിദ്ധപ്പെടുത്തിയ ക്രൈസ്തവേതിവൃത്തപ്രധാനങ്ങളായ ചരിത്രകഥകളും ഗദ്യകവിതകളും ലേഖനങ്ങളും മറ്റും ചിത്രമെഴുത്തിന് വലിയ പ്രശസ്തി നേടിക്കൊടുത്തു.

അനുകരിക്കാൻ പ്രയാസമായ ഒരു സുന്ദര ഗദ്യശൈലിയുടെ ഉടമയായ അദ്ദേഹമാണ് മലയാളത്തിലെ ഗദ്യകവിതാപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. ചില സാഹിത്യചരിത്രങ്ങളിലും ജി.ശങ്കരക്കുറുപ്പിന്റെ 'നിമിഷം' എന്ന കാവ്യസമാഹാരത്തിന് കേസരി ബാലകൃഷ്ണപിള്ള എഴുതിയിട്ടുള്ള അവതാരികയിലും ഈ വസ്തുത പറഞ്ഞിട്ടുണ്ട്.

മഗ്ദലനമറിയം എന്ന മനോഹര കാവ്യനിർമാണത്തിനു മഹാകവി വള്ളത്തോളിനു പ്രേരണ നൽകിയ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശൻ നടത്തിയിരുന്ന ആത്മപോഷിണി, കഥാമാലിക എന്നീ മാസികകളുടെ പത്രാധിപരായും ചിത്രമെഴുത്തു കുറെനാൾ പ്രവർത്തിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ പ്രകാശിതമായ മഗ്ദലനമറിയത്തിനു അവതാരികയും ടിപ്പണിയും എഴുതുന്നതിന് ചിത്രമെഴുത്തിനു ഭാഗ്യം ലഭിച്ചത് ആ ബന്ധം മൂലമായിരുന്നു.

സാഹിത്യരചനയിലും ചിത്രമെഴുത്തിലും മാത്രമല്ല, നാട്ടുകാര്യങ്ങളിലും അദ്ദേഹം തൽപ്പരനായിരുന്നു. 1115 കന്നി 5ാം തീയതി മുതൽ രണ്ടു വർഷക്കാലം അദ്ദേഹം മാവേലിക്കര പഞ്ചായത്ത് പ്രസിഡണ്ടായും രണ്ടാം ക്ലാസ് മജിസ്ട്രേട്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1962ൽ 74ാം വയസ്സിൽ അന്തരിച്ചു.

മലങ്കര മല്പാന്മാർ

പാഠവും പഠനവും
സഖറിയാ പെരുമ്പടവം
എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം
വില: 500 രൂപ



മലങ്കര മല്പാന്മാർ മലങ്കരയുടെ മഹാഗുരുക്കന്മാർ

■ **വെരി. റവ. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ**

അക്ഷരങ്ങളുടെ ആത്മസ്നേഹിതൻ, എഴുത്തും വായനയും ആനന്ദമാക്കിയ ഉത്സാഹി, ആദ്ധ്യാത്മികതയുടെ ഉപാസകൻ, സഭാചരിത്രത്തോട് പ്രത്യേക മമത. ചിരിയുടെ സൗന്ദര്യവും നൊമ്പരത്തിന്റെ ചാരുതയും ഒപ്പിയെടുക്കുന്ന തൂലിക. ആരാധനാ സാഹിത്യത്തിൽ നൈപുണ്യം. ഗവേഷകനായ ശ്രീ. സഖറിയാ പെരുമ്പടവത്തെ ഇങ്ങനെയൊക്കെ വിശേഷിപ്പിക്കാം.

മലങ്കര മല്പാന്മാരെപ്പറ്റിയുള്ള ഒരു മികച്ച പഠനമാണ് ഈ ഗ്രന്ഥം. മലങ്കരയുടെ മഹാഗുരുക്കന്മാരെന്നു വിശേഷിപ്പിക്കാവുന്ന മലങ്കര മല്പാന്മാരുടെ ജീവിതരേഖയുണ്ട്, സ്ഥാന യോഗ്യതയുണ്ട്, പശ്ചാത്തലങ്ങളെക്കുറിച്ചുള്ള പരാമർശമുണ്ട്, കാലഘട്ടത്തിന്റെ സ്പന്ദനങ്ങളുണ്ട്, വൈജ്ഞാനിക മേഖലയിലെ സംഭാവനകളുണ്ട്. നേതൃത്വപദവികളിലെത്തുന്നവരുടെ അജ്ഞതയും ദീർഘവീക്ഷണമില്ലായ്മയും കുബുദ്ധിയും ദോഷം വരുത്തുന്നതിന്റെ ഉദാഹരണങ്ങളും സാന്ദർഭികമായി സൂചിപ്പിക്കുന്നുണ്ട്.

എല്ലാവിധ സംശയനിവാരണങ്ങൾക്കും യോഗ്യരാണ് മല്പാന്മാർ. ഇവരുടെ സാക്ഷ്യപത്രം പട്ടത്വലബ്ധിക്ക് നിർബന്ധമായിരുന്നു. അഖില മലങ്കര തലത്തിൽ ഇവർക്ക് ശിഷ്യസമ്പത്തുണ്ടായിരുന്നു. പാശ്ചാത്യ സുറിയാനി ഭാഷയിൽ വ്യുൽപത്തിയും വേദജ്ഞാനവും ആഴമായ വേദവ്യാഖ്യാനത്തിന് കഴിവും വേദം പകർന്നുകൊടുക്കുന്നതിൽ സാമർത്ഥ്യവുമുണ്ടായിരുന്നു. സഭയുടെ ബഹുമുഖമായ കെട്ടുപണിക്ക് മലങ്കര മല്പാന്മാരുടെ സേവനങ്ങൾ ഈ ഗ്രന്ഥത്തിലൂടെ മനസ്സിലാക്കാം.

ആരാധനാക്രമങ്ങൾക്ക് ചിട്ട വരുത്തുന്നതിലും അവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിലും മലങ്കര മല്പാന്മാരുടെ പങ്ക് വലുതാണ്. വിശ്വാസപഠനത്തിനുവേണ്ടി (ഇമലേരവശൌ) കോനാട്ട് ഏബ്രഹാം മൽപാൻ ഒന്നാമൻ ചോദ്യോത്തരമാതൃകയിൽ തയ്യാറാക്കിയ മതസംവാദം എന്ന കൃതിയുടെ പ്രാധാന്യം പ്രത്യേകം പ്രസ്താവ്യമാണ്. ആദ്യം കേരളദീപം പ്രസ് എന്നും പിന്നീട് യൂലിയോസ് പ്രസ് എന്നും അറിയപ്പെട്ട പാമ്പാക്കുടയിലെ അച്ചുകൂടം ആരാധനാപുസ്തകങ്ങളുടെ ഏകീകരണത്തിന് വലിയ പങ്ക് വഹിച്ചു.

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി ഗീവർഗീസ് കത്തനാർ ആയിരിക്കുമ്പോൾ മലങ്കര മല്പാൻ സ്ഥാനം നൽകിയത് മലങ്കര സഭാ ചരിത്രത്തിലെ ഒരു വഴിത്തിരിവായിത്തീർന്നു. അദ്ദേഹം 1892-ൽ പ്രസിദ്ധീകരിച്ച മതോപദേശ സാരങ്ങൾ എന്ന സഭാവിജ്ഞാന ഗ്രന്ഥം സഭാമക്കൾക്ക് വലിയ ഉപഹാരമായി. ഇന്നും വൈവിധ്യത്തിൽ ഏകത്വം പുലർത്തി സഭാജീവിതത്തെ അർത്ഥപൂർണ്ണമാക്കുവാൻ മലങ്കര മല്പാന്മാരുടെ സേവനത്തെ സഭ ഉറ്റുനോക്കുന്നു.

മലങ്കരയിൽ മല്പാന്മാർ പലരുണ്ടായിട്ടുണ്ട്. പല മല്പാൻ ഭവനങ്ങളും ഇവിടെ വേരൂന്നിയിട്ടുണ്ട്. പക്ഷേ, മലങ്കര മല്പാൻ എന്ന വിശിഷ്ടസ്ഥാനനാമം ലഭിച്ചിട്ടുള്ളത് ഏഴു പേർക്കാണെന്ന് ഈ ഗ്രന്ഥവും ഇതിലെ ലേഖനങ്ങളും നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഈ സ്ഥാനമഹിമ ഭാവിയിലും അതുല്യമായ അവകാശാധികാരങ്ങളോടെ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുന്നു. മലങ്കര സഭയെ സത്യവിശ്വാസപാതയിൽ ഉറപ്പിച്ചുനിർത്തുന്നതിന് മലങ്കര മല്പാൻ സ്ഥാനത്ത് അവരോധിതരായവർ നിർവ്വഹിച്ച നിസ്തുലമായ പങ്കിനെ ഗ്രന്ഥകർത്താവായ ശ്രീ. സഖറിയാ പെരുമ്പടവം വരച്ചുകാട്ടുന്നു. വിവിധ ചരിത്രരേഖകൾ സമാഹരിച്ച് ഇവരുടെ സമഗ്രമായ ജീവിതവും സംഭാവനകളും ആലേഖനം ചെയ്തതിൽ അദ്ദേഹത്തോട് ചരിത്രകുതുകികൾ കടപ്പെട്ടിരിക്കുന്നു.

ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് മലങ്കര മല്പാന്മാരുടെ ലഭ്യമായ ചിത്രങ്ങളും രേഖകളും താരതമ്യ പഠനവും, ആമൂല്യങ്ങളായ മല്പാൻ പതക്കങ്ങളും ചേർത്തിരിക്കുന്നത് ഈ പഠന ഗ്രന്ഥത്തെ കൂടുതൽ മനോഹരമാക്കുന്നു. പാറേട്ടിന്റെ രചനകളിലെ പ്രസക്ത ഭാഗങ്ങൾ നല്കിയിരിക്കുന്നത്. കൂടുതൽ പഠനത്തിന് വാതായനമൊരുക്കുന്നു.

മലങ്കര മല്പാന്മാരുടെ കാലഘട്ടത്തെ സമഗ്രമായി വിലയിരുത്തുന്നതിനുവേണ്ടി ലഭിക്കാവുന്ന പരമാവധി വിവരങ്ങൾ സമാഹരിക്കുന്നതിന് ഗ്രന്ഥകർത്താവ് നിർവ്വഹിച്ച ഭാരിച്ച അദ്ധ്വാനം ഗ്രന്ഥസൂചിപ്പട്ടിക നമ്മെ ബോദ്ധ്യപ്പെടുത്തും. മലങ്കര മല്പാന്മാരുടെ നിരയിൽ ഒടുവിലത്തെ മൂന്നു പേരുമായി അടുത്ത വ്യക്തിബന്ധം പുലർത്താൻ കഴിഞ്ഞിട്ടുള്ള ഈ ലേഖകൻ അവരുടെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ചുള്ള ആദരവ് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

"മലയാളത്തിനുടെ മല്പാൻ" എന്ന പേരിൽ ഡോ. എം. കുര്യൻ തോമസ് നടത്തിയ ആമുഖ പഠനവും, "മലങ്കര മല്പാൻ", "കറുത്ത അദ്ധ്യായത്തിന്റെ പശ്ചാത്തലം", "ഞങ്ങൾക്കുള്ള കർത്താവേ" എന്നീ ലേഖനങ്ങളും ഈ ഗ്രന്ഥത്തിന് പൊൻതൂവലാണ്. ഗവേഷണവഴിയിലെ തന്റെ ഗുരു എന്നാണ് ഡോ. കുര്യൻ തോമസിനെ ഗ്രന്ഥകർത്താവ് വിശേഷിപ്പിക്കുന്നത്. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റിയുള്ള റവ.ഡോ.വി.സി. സാമുവലിന്റെയും മറ്റും ലേഖനങ്ങൾ വായനക്കാർക്ക് ആഴമായ ഉൾക്കാഴ്ച പകരുന്നവയാണ്. പണ്ഡിതോചിതമായ മറ്റെല്ലാ ലേഖനങ്ങളും ഈ ഗ്രന്ഥത്തെ പ്രൗഢമാക്കുന്നു.

കോനാട്ട് ലൈബ്രറിയിലെ കയ്യെഴുത്തു പ്രതികളുടെ പട്ടിക ഒടുവിൽ നൽകിയിട്ടുള്ളത് സഭയുടെ ആരാധനാസാഹിത്യത്തെപ്പറ്റി തുടർപഠനം നടത്തുവാൻ പ്രചോദനമാകും.

വിശിഷ്ടമായ ഒരു റഫറൻസ് ഗ്രന്ഥമാണ് *"മലങ്കര മല്പാന്മാർ: പാഠവും പഠനവും"*. നമ്മുടെ ലൈബ്രറികളിലും ഭവനങ്ങളിലും ഒഴിവാക്കാനാവാത്ത മൂല്യം ഈ പഠനഗ്രന്ഥത്തിനുണ്ട്. യുവഗവേഷകനായ ശ്രീ. സഖറിയാ പെരുമ്പടവം അഭിനന്ദനമർഹിക്കുന്നു. വളരെ സന്തോഷത്തോടെ ഇതിന് പ്രചുര പ്രചാരം നേരുന്നു.

ടി. ജെ. എസ്. ജോർജിന് വിട





കുശിനിക്കാരന്റെ മേൽനോട്ടം വഹിച്ചു. കറാച്ചി, യെമൻ, ലണ്ടൻ തീരങ്ങളിലൂടെയുള്ളതായിരുന്നു ആ യാത്ര. തിരിച്ചെത്തി ഫ്രീ പ്രസ്സ് ജേർണലിൽ ജോലിയിൽ പ്രവേശിച്ചു. എം.വി.കമ്മത്ത്, ബാൽ താക്കറെ, എം.ശിവറാം, കെ.ശിവറാം, എസ്.വിശ്വം, കെ.സി.ജോൺ, എം.പി.അയ്യർ, കെ.എ. അബ്ബാസ്, എ.എഫ്. തലയാർഖാൻ, അശോക് മേത്ത, ഹോമിതലയാർഖാൻ, എസ്. എ. സബാവാല, രാജാ ഹത്തീസിങ്ങ് തുടങ്ങിയ പ്രഗത്ഭരായ പത്രപ്രവർത്തകരെ പരിചയപ്പെടുവാനും അവരുടെ റിപ്പോർട്ടിംഗ് രീതി മനസ്സിലാക്കാനും കഴിഞ്ഞു എന്നത് പത്രസഞ്ചാരവഴി കൂടുതൽ പ്രയോജനകരമാക്കുവാൻ സഹായിച്ചു.

ഇന്ത്യൻ ഭരണകേന്ദ്രത്തിന്റെ വാതായനമായി മുംബൈ മാറുകയായിരുന്നു. മൊറാർജി ദേശായി, വി.കെ. കൃഷ്ണമേനോൻ, എ.കെ.ജി, വി.പി. മേനോൻ, എം.ഒ. മത്തായി, ഖുഷ്വന്ത് സിംഗ്, നിഖിൽ ചക്രവർത്തി, വിലായത് ഖാൻ തുടങ്ങിയ രാഷ്ട്രീയമേഖലകളിലുള്ളവരുമായി അടുത്തു ബന്ധപ്പെടുവാൻ കഴിഞ്ഞതിലൂടെ വാർത്തകളിലെ 'സ്കൂപ്പുകളുടെ' സാധ്യതയും വർദ്ധിച്ചു.

കേരളീയ സൗഹൃദം വാർത്തകൾക്കുള്ള സാധ്യതയെ വിപുലപ്പെടുത്തി. മൊയ്തു മൗലവി, യു.ഗോപാലമേനോൻ, മുഹമ്മദ് അ ബ്ദു റഹ്മാൻ, എൻ. പി. മുഹമ്മദ്, എം.വി. വാസുദേവൻ നായർ ഉൾപ്പെട്ട ഒരു നിര ന്യൂസ് ഡെസ്കിനെ സമ്പുഷ്ടമാക്കി.

14 വർഷം അവിടെ ജോലി ചെയ്തു. ഒടുവിൽ ജോലി ചെയ്യുമ്പോൾ ശമ്പളം അറനൂറു രൂപയിലെത്തി. പത്ര ഉടമയുടെ വിയോഗവും തുടർന്നു വന്നവരുടെ മാറ്റവും തിരിച്ചറിഞ്ഞ ടി.ജെ.എസ്. ജോർജ് 1949ൽ ഫ്രീ പ്രസ്സിൽ നിന്നും രാജിവച്ചു. ➲8

പത്രങ്ങളുടെ രൂപകല്പനയിൽ വിപ്ലവം സൃഷ്ടിച്ച ടാർസി വിറ്റാച്ചിയിൽ നിന്നുമാണ് 'ടൈപ്പുകൾക്ക് അവരുടേതായ പേഴ്സണാലിറ്റി' ഉണ്ടെന്നും അതനുസരിച്ച് വാക്കുകൾ വിന്യസിച്ചാൽ പത്രം കൂടുതൽ ആകർഷകമാകുമെന്നും മനസ്സിലാക്കുന്നത്. ലണ്ടൻ ടൈംസിന്റെ പത്രാധിപരായ ഹാരൊൾഡ് എവൻസിയുടെ സാന്നിധ്യം കൂടിയായപ്പോൾ 'തന്റെ പത്രപ്രവർത്തന വിദ്യാഭ്യാസം പൂർത്തിയായതായും' ടി.ജെ.എസ്. ജോർജ് അനുസ്മരിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പരിശീലനം കഴിഞ്ഞു വന്നതോടെ എഡിറ്റോറിയൽ സംവിധാനത്തിന്റെ ഉപദേഷ്ടാവായി ആറു മാസത്തോളം ഇന്ത്യ ചുറ്റി. കന്നഡ, ഒറിയ, ഹിന്ദി ഉൾപ്പെടെ പത്തോളം പത്രസ്ഥാപനങ്ങളിൽ പരിശീലകനാകുവാനുള്ള അവസരം ലഭിച്ചു.

ടി.ജെ.എസ്. ജോർജ് സേർച്ച് ലൈറ്റിന്റെ പത്രാധിപരായി.

'പുതിയ പത്രാധിപന്മാർ ചാർജ്ജെടുക്കുമ്പോൾ മുഖ്യമന്ത്രിയുടെ വസതി

നിരണം ഗ്രന്ഥവരി
നിരണം പാട്ടുകൾ

പാഠവും പഠനവും

ഡോ.പോൾ മണലിൽ

എം.ഒ.സി.പബ്ലിക്കേഷൻസ്, കോട്ടയം

വില: 400 രൂപ

ഡോ. പി. സി. അലക്സാണ്ടർ

ചരിത്രത്തിലേക്കു വിലപ്പെട്ട ഒരു സംഭാവന

വിജ്ഞാനപ്രദമായ പഠനത്തോടും ആമുഖക്കുറിപ്പുകളോടും വ്യാഖ്യാനങ്ങളോടുംകൂടി 'നിരണം ഗ്രന്ഥവരിയും നിരണം പാട്ടുകളും' പ്രസിദ്ധീകരിക്കുന്നതിലൂടെ പോൾ മണലിൽ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലേക്ക് വിലപ്പെട്ട ഒരു സംഭാവനയാണ് നൽകിയിരിക്കുന്നത്. കേരളത്തിലെ നസ്രാണികളുടെ ചരിത്രത്തെപ്പറ്റി പരിമിതമായ കൃതികളേ ഇതിനകം ഉണ്ടായിട്ടുള്ളൂ എന്നത് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ ആവിർഭാവം മുതലുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമഗ്രവും സമ്പൂർണ്ണവുമായ ഒരു ചരിത്രമാണ് ഗ്രന്ഥവരിയുടെ രചനയിൽക്കൂടി അതിന്റെ കർത്താവ് പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇതിന്റെ ചരിത്രപരമായ വീക്ഷണം കേന്ദ്രീകരിച്ചിരിക്കുന്നത് മാർത്തോമ്മാ അഞ്ചാമന്റെയും (1728–1765), അതിലും മുഖ്യമായി മാർത്തോമ്മാ ആറാമന്റെയും (1765–1808) കാലഘട്ടങ്ങളിലാണ്. ആ കാലഘട്ടങ്ങളിലെ സംഭവങ്ങളുമായി ഗ്രന്ഥവരിയുടെ കർത്താവിനു നേരിട്ടു ബന്ധമുണ്ടായിരുന്നു എന്നതിന് തെളിവാണത്.

ബൈബിളിലെ ഉല്പത്തി മുതൽ പ്രവാചകന്മാരുടെ കാലം വരെയുള്ള വിവരങ്ങളുമായും പ്രാരംഭ ക്രൈസ്തവ സഭയുടെ ഏകൃമൈനിക്കൽ സുന്നഹദോസുകളുമായും ബന്ധപ്പെടുത്തി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം പ്രതിപാദിക്കാനാണ് ഗ്രന്ഥവരിയിൽ ശ്രമിച്ചിരിക്കുന്നത്. ഒരു ചരിത്രഗ്രന്ഥത്തിൽ പഴമയുടെ കാലങ്ങളുടേയും പുതുമയുടെ കാലങ്ങളുടെയും പ്രസക്തി പ്രത്യേകം ശ്രദ്ധേയമാണ്. ക്രൈസ്തവ സഭയുടെ പൂർണ്ണമായ ചരിത്രത്തിന്റെ ഒരു ഭാഗമായി മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രം അവതരിപ്പിക്കാൻ ചരിത്രകാരനുള്ള പ്രത്യേക താല്പര്യമാണ് അത് കാണിക്കുന്നത്. മാത്രമല്ല ഗ്രന്ഥവരി രചിക്കുന്ന കാലത്ത് സാധാരണക്കാരായ ജനങ്ങൾക്കു വായിക്കാൻ ബൈബിൾ പൂർണ്ണമായി മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെട്ടിരുന്നില്ല. അതുകൊണ്ട് വിശുദ്ധ വേദപുസ്തകത്തിന്റെ പശ്ചാത്തലത്തിൽ സഭയുടെ ചരിത്രം രചിക്കണമെന്ന് തീർച്ചയായും ആഗ്രഹിച്ചിരുന്നു.

ചരിത്രസംഭവങ്ങളുടെ കാലക്രമമനുസരിച്ചുള്ള വിവരണമാണ് ഗ്രന്ഥവരികൊണ്ട് ഉദ്ദേശിക്കുന്നത് എങ്കിലും ചരിത്രവുമായി ബന്ധമില്ലാത്ത ചില വിഷയങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കൗതുകമുളവാക്കും. മനുഷ്യ ശരീരത്തിലെ അവയവങ്ങൾ, വിവിധതരം വജ്രങ്ങളും രത്നങ്ങളും തിരിച്ചറിയാൻ പ്രയോജനപ്പെടുന്ന അവയുടെ പ്രത്യേകതകൾ, യാത്രയ്ക്കും ഗാർഹിക ചടങ്ങുകൾക്കും ഉള്ള ശുഭമുഹൂർത്തങ്ങൾ നിശ്ചയിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ തുടങ്ങിയ കാര്യങ്ങളും ഇതിൽ ഉണ്ട്. തന്റെ കുടുംബത്തിലെ ഒരംഗത്തിന് കുടുംബസംബന്ധമായ ചില കാര്യങ്ങളെപ്പറ്റി പള്ളിപ്പാട്ട് മാർ ദീവന്നാസ്യോസ് എഴുതിയ ഒരു കത്തും ഇതിൽ കാണാം. ഇവയ്ക്കൊന്നും ചരിത്രപരമായ പ്രസക്തി ഇല്ലെങ്കിലും അവ ഗ്രന്ഥവരിയുടെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു.

ഗ്രന്ഥവരിയിൽ വിവരിച്ചിരിക്കുന്ന ചരിത്രസംഭവങ്ങളിലേക്ക് കൂടുതൽ വെളിച്ചം വീശുന്ന നിലയിൽ വളരെ വിലപ്പെട്ടതാണ് പോൾ മണലിൽ എഴുതിയ ഗ്രന്ഥപഠനവും മുഖക്കുറിപ്പുകളും അടിക്കുറിപ്പുകളും. റോമൻ കത്തോലിക്കാ സഭയുമായും അന്ത്യോഖ്യായിലെ സുറിയാനി സഭയുമായും ഉള്ള ബന്ധത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുള്ള പദവിയെപ്പറ്റി ഗ്രന്ഥവരിയുടെ വായനക്കാർക്ക് ഉണ്ടാകാവുന്ന തെറ്റിദ്ധാരണകൾ ദൂരീകരിക്കാൻ അതുമൂലം സാധിച്ചിട്ടുണ്ട്.

പതിനാറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പോർച്ചുഗീസുകാർ അധികാരം സ്ഥാപിക്കുന്നതുവരെ കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് സാമൂഹികമോ രാഷ്ട്രീയമോ ആയി യാതൊരുവിധ എതിർപ്പുകളും, പീഡനങ്ങളും അനുഭവപ്പെട്ടിരുന്നില്ല. മറ്റു ജനവിഭാഗങ്ങളുമായി പൂർണ്ണമായി സഹകരിച്ച്, യോജിച്ചാണ് അവർ കഴിഞ്ഞിരുന്നത്. കേരളത്തിലെ ജാതിവിഭാഗത്തിൽ അവർക്കുണ്ടായിരുന്ന ഉന്നതമായ സ്ഥാനവും രാജകീയശാസനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിരുന്ന പ്രത്യേക അവകാശ അധികാരങ്ങളും മൂലം അവരുടെ ജീവിതത്തിൽ സുരക്ഷിതത്വവും ഭദ്രതയും ഉണ്ടെന്ന് ഉറപ്പായിരുന്നു. ഇന്ത്യയ്ക്കു പുറത്തുള്ള ക്രൈസ്തവ സഭകളുമായുള്ള അവരുടെ ബന്ധം നാമമാത്രമായിരുന്നു. പോർച്ചുഗീസുകാരുടെ കാലത്തിനു മുമ്പ് അവരെ സന്ദർശിച്ചിരുന്ന പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയിലെ ചുരുക്കം ചില വൈദിക മേധാവികൾ അവരുടെ ആഭ്യന്തര കാര്യങ്ങളിൽ ഒരിക്കലും ഇടപെട്ടിരുന്നില്ല. സ്വന്തം വിശ്വാസവും ആരാധനാരീതികളും പുലർത്തിക്കൊണ്ട് സമുന്നതവും സമാദരണീയവുമായ ഒരു തദ്ദേശീയ ക്രൈസ്തവ സഭയായി മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ പ്രത്യേക അധികാരം നിലനിർത്തിപ്പോന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഈ അവസ്ഥയ്ക്ക് 1599-ലെ ഉദയംപേരൂർ സുന്നഹദോസിനുശേഷം പാടേ മാറ്റം സംഭവിച്ചു. വിദേശ ക്രൈസ്തവ അധീശത്വത്തിന്റെയും സാംസ്കാരികമായ സംഘട്ടനങ്ങളുടെയും ഒരു പുതിയ കാലഘട്ടമാണ് ഇതോടുകൂടി ഉടലെടുത്തത്. സെയിന്റ് തോമസിന്റെ പാരമ്പര്യത്തിലും പൈതൃകത്തിലും അധിഷ്ഠിതമായി പതിനാറു നൂറ്റാണ്ടു കാലത്തോളം കേരളത്തിലെ നസ്രാണികൾ സംരക്ഷിച്ചുപോന്ന സവിശേഷ വ്യക്തിത്വവും സ്വാതന്ത്ര്യവും ഉദയംപേരൂർ സുന്നഹദോസിനുശേഷം ഗുരുതരമായ ഭീഷണിക്കു വിധേയമായി എന്ന വസ്തുത വിസ്മരിക്കാനാവില്ല. തുടർന്ന് വിവിധ വിദേശ സഭകൾ നടത്തിയ കൈയേറ്റങ്ങളിൽനിന്ന് തങ്ങളുടെ വ്യക്തിത്വം സംരക്ഷിക്കാനുള്ള സുദീർഘമായ പോരാട്ടങ്ങളിലേക്കും സംഘർഷങ്ങളിലേക്കും നീങ്ങാൻ സഭ നിർബന്ധിതമായി.

ഉദയംപേരൂർ സുന്നഹദോസുമൂലം തങ്ങളുടെമേൽ അടിച്ചേല്പിച്ച റോമൻ കത്തോലിക്കാ സഭയുടെ ആധിപത്യത്തിൽനിന്ന് മോചനം ലഭിക്കാൻ നടത്തിയ ആദ്യത്തെ ഗൗരവാവഹമായ യത്നം കൂനൻകുരിശു സത്യം എന്ന് അറിയപ്പെടുന്ന 1653-ലെ ചരിത്രപ്രധാനമായ സംഭവമാണ്. എങ്കിലും റോമിന്റെ അധീശത്വത്തിൽനിന്ന് സ്വതന്ത്രമാകാനുള്ള അവരുടെ ശ്രമത്തോടൊപ്പം മറ്റൊരു ഗുരുതരമായ അപകടം അവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്നു. അന്ത്യോഖ്യായിലെ സുറിയാനിസഭയുമായുള്ള പുതിയ കൂട്ടുകെട്ടായിരുന്നു അത്. ഇതുമൂലം തങ്ങളുടെ വ്യക്തിത്വത്തിന് മങ്ങലേൽക്കുമെന്ന് അവർ ന്യായമായും ഭയപ്പെട്ടു. അന്ത്യോഖ്യാ സുറിയാനി സഭയിൽ നിന്നുള്ള മെത്രാന്മാരുടെ ഇടയ്ക്കിടയ്ക്കുള്ള സന്ദർശനങ്ങൾ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അത്ര സുഖകരമായ അനുഭവങ്ങളായിരുന്നില്ല.

അന്ത്യോഖ്യായിൽനിന്നു വന്ന ചില മെത്രാന്മാരുടെ ഔദ്ധത്യം കലർന്ന പ്രവൃത്തികളുടെ ഒട്ടും സന്തോഷപ്രദമല്ലാത്ത വിവരണങ്ങൾ വിശദമായി ഗ്രന്ഥവരിയിൽ പ്രാധാന്യം കൊടുത്ത് എന്നാൽ തികച്ചും അന്തസ്സുറ്റ ഭാഷയിൽ പരാമർശിച്ചിട്ടുണ്ട്. ശകാരം, കുറ്റാരോപണങ്ങൾ തുടങ്ങി നാട്ടുകാരായ പുരോഹിതന്മാരെ ദേഹോപദ്രവം ഏല്പിക്കുക വരെ ചെയ്തിട്ടുണ്ട് ഈ അന്ത്യോഖ്യൻ മെത്രാന്മാർ. ഇവർ അമിതമായി പണം ആവശ്യപ്പെടുക പതിവായിരുന്നു. അത് മാത്രമല്ല അനധികൃതമായി പള്ളിയിലെ വെള്ളിപ്പാത്രങ്ങൾ കടത്തിക്കൊണ്ടു പോകുക വരെ ചെയ്തു. ദിയസ്കോറസ് എന്ന ഒരു അന്ത്യോഖ്യാ മെത്രാന്റെ അസഹനീയവും പ്രതിഷേധാർഹവുമായ പെരുമാറ്റങ്ങളെപ്പറ്റി ഗ്രന്ഥവരിയിൽ പ്രത്യേകം എടുത്തു പറയുന്നുണ്ട്. അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ആ മെത്രാൻ ഒരു മനോരോഗി ആയിരുന്നു എന്നാണ്. എങ്കിൽകൂടിയും അങ്ങേയറ്റം ഭക്ത്യാദരങ്ങളാണ് അന്ത്യോഖ്യായിൽ നിന്നുള്ള ഈ സന്ദർശകരോട് ഗ്രന്ഥവരിയിൽ കാണിക്കുന്നത്. എല്ലാ അന്ത്യോഖ്യൻ മെത്രാന്മാരെയും ബഹുമാനപൂർവ്വം 'ബാവാ' എന്ന് ഗ്രന്ഥവരിയിൽ പരാമർശിക്കുന്നു. നാട്ടുകാരായ വൈദികരുടെ മേൽ അവർക്ക് ആത്മീയമായ ശ്രേഷ്ഠപദവി ഉണ്ടെന്നു തോന്നുന്ന രീതിയിലുള്ള വിവരണമാണ് ഗ്രന്ഥവരിയിൽ സ്വീകരിച്ചിരിക്കുന്നത്.

മതഭ്രാന്തരായ റോമൻ കത്തോലിക്കാ സഭാമേധാവികളിൽനിന്ന്, പ്രത്യേകിച്ച് അവരുടെ നേതാവായ തച്ചിൽ മാത്തുത്തരകനിൽനിന്ന് മാർത്തോമ്മാ ആറാമനുണ്ടായ ക്രൂരവും വേദനാജനകവുമായ അനുഭവങ്ങൾ വളരെ വിശദമായി ഗ്രന്ഥവരിയിൽ പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിലെ അന്നത്തെ ഭരണത്തിൽ വമ്പിച്ച അധികാരവും സ്വാധീനവും ചെലുത്തിയിരുന്ന മാത്തുത്തരകന്റെ സമ്മർദ്ദതന്ത്രങ്ങൾ പലതായിരുന്നു. ഭീഷണിപ്പെടുത്തൽ, ബലപ്രയോഗം, അന്യായമായ അപഹരണം, സ്വത്തുക്കൾ കണ്ടുകെട്ടൽ തുടങ്ങി മെത്രാപ്പോലീത്തയെ തടവിൽ വെയ്ക്കുമെന്നു ഭയപ്പെടുത്തുകവരെയുണ്ടായി. ആ മാത്തുത്തരകന്റെ അവസാനത്തെ വീഴ്ചയുടെ കഥയും ഗ്രന്ഥവരിയിൽ വിവരിക്കുന്നു. അവസാനം മാത്തുത്തരകന്റെ അധികാരപ്രമത്തതയ്ക്കു തിരിച്ചടി ഉണ്ടായി. തരകന്റെ രണ്ടു ചെവികളും ചെത്തിക്കളഞ്ഞു. എന്നാൽ അധികാരം കൈയാളിയിരുന്ന അവസരത്തിൽ, നിസ്സഹായനായ മെത്രാപ്പോലീത്തായെക്കൊണ്ട് റോമിന്റെ ആധിപത്യം സ്വീകരിപ്പിക്കാൻ പരമാവധി ദുഷ്കൃത്യങ്ങൾ മാത്തുത്തരകൻ ചെയ്തു.

മാത്തുത്തരകന്റെയും കൂട്ടാളികളുടെയും പീഡനങ്ങളെ ചെറുക്കുന്നതോടൊപ്പം, സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ കൈകടത്തിയ ചില അന്ത്യോഖ്യൻ മെത്രാന്മാരുടെ അന്യായമായ നടപടികളെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് അന്ന് നേരിടേണ്ടിവന്നു. അപ്പോഴാണ് ഗൗരവമായ മറ്റൊരു വിപത്ത് അവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്നത്. തങ്ങളുടെ വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും അടിച്ചേല്പിക്കാൻ പ്രോട്ടസ്റ്റന്റ് മിഷനറിമാർ കാണിച്ച ആവേശം മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഒരു ഭീഷണിയായി. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സൈന്യം ഡച്ചുകാരെ പരാജയപ്പെടുത്തിയ ശേഷം, ഇംഗ്ലീഷ് മിഷനറിമാർക്ക് തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിൽ കാര്യമായ രാഷ്ട്രീയ അധികാരം നേടാൻ കഴിഞ്ഞു. റോമൻ കത്തോലിക്കരുമായി താരതമ്യപ്പെടുത്തുമ്പോൾ മാർത്തോമ്മാ ക്രിസ്ത്യാനികളോടുള്ള പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ സമീപനം കൂടുതൽ തന്ത്രപ്രധാനവും ധാരണാപൂർണ്ണവുമായിരുന്നു. എന്നാൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രോട്ടസ്റ്റന്റ് വിശ്വാസം പ്രചരിപ്പിക്കാനുള്ള ഉദ്ദേശം അവർ മറച്ചുവെച്ചതുമില്ല. ഇതുകൊണ്ടൊക്കെ നസ്രാണികളുടെ തദ്ദേശീയ സഭയ്ക്ക്, അവരുടെ സ്വതസ്സിദ്ധമായ വ്യക്തിത്വവും പൈതൃകവും സംരക്ഷിക്കാൻ വിഭിന്ന മുഖങ്ങളിൽ സമരംചെയ്യേണ്ടതായി വന്നു.

തന്റെ ആമുഖക്കുറിപ്പുകളിലും അടിക്കുറിപ്പുകളിലുംകൂടി, കേരളത്തിലെ തദ്ദേശീയ സഭയുടെ യുക്തിസഹമായ ഒരു ചിത്രം വരച്ചുകാട്ടാനാണ് പോൾ മണലിൽ ശ്രമിച്ചിരിക്കുന്നത്. പഴയകൂറ്റ്, പുത്തൻകൂറ്റ് എന്നീ വിശേഷണങ്ങളെപ്പറ്റിയും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പിൻതുടർച്ചക്കാരായ മലങ്കര ഓർത്തഡോക്സ് സഭ അന്ത്യോഖ്യായുമായുള്ള തങ്ങളുടെ ബന്ധത്തിന്, കൂനൻകുരിശു സത്യത്തിനു ശേഷം പ്രത്യേകം പ്രാധാന്യം കൊടുക്കാനുണ്ടായ സാഹചര്യങ്ങളെപ്പറ്റിയും പോൾ മണലിൽ വളരെ വസ്തുനിഷ്ഠമായും ന്യായയുക്തമായും ചർച്ചചെയ്തിരിക്കുന്നു.

ഉചിതമായ ചരിത്രവീക്ഷണത്തോടെയാണ് പോൾ മണലിൽ ഗ്രന്ഥവരി അവതരിപ്പിച്ചിരിക്കുന്നത്. വിലപ്പെട്ട വ്യാഖ്യാനങ്ങളും അഭിപ്രായക്കുറിപ്പുകളും തയ്യാറാക്കി അവതരിപ്പിച്ചതിലൂടെ ഈ ഗ്രന്ഥത്തിന്റെ വിജയകരമായ സംശോധനവും അദ്ദേഹം നിർവഹിച്ചിരിക്കുന്നു. അതിന് എല്ലാവിധ അഭിനന്ദനങ്ങളും അദ്ദേഹം അർഹിക്കുന്നു.

മിനിക്കഥ

സമ്പത്തും പണവും ഉണ്ടെങ്കിൽ എല്ലാമായി എന്നു ചിന്തിക്കരുത്

പണം കൊണ്ട് വീടു, വാങ്ങാം. പക്ഷേ കുടുംബം വാങ്ങാൻ സാധിക്കില്ല. കൂടുമ്പോൾ ഇമ്പം ഉണ്ടാക്കുന്നതാണ് കുടുംബം.

അഡ്വ.വർഗീസ് പി. തോമസ്

പണവുമായി ബന്ധപ്പെട്ട് നാം ഉപയോഗിക്കുന്ന വാക്കുകൾ വിശകലനം ചെയ്താൽ ചില കാര്യങ്ങൾ നമുക്ക്ബോധ്യമാകും ധനം ഉള്ളവനെ ധനവാൻ എന്ന് നാം വിളിക്കുന്നു. ലക്ഷങ്ങൾ കയ്യിൽ എത്തുമ്പോൾ അയാൾ ലക്ഷപ്രഭു ആയിത്തീരുകയാണ്. കോടികൾ ആകുമ്പോൾ കോടീശ്വരൻ എന്നൊക്കെ നാം പറയും. പക്ഷേ പണം കൊണ്ട് ചിലത് നേടാൻ ഒക്കുകയില്ല.

പണം കൊണ്ട് ഭക്ഷണം, വാങ്ങാം. പക്ഷേ അത് കഴിക്കാനുള്ള ഭാഗ്യം വേണം. വിശപ്പ് നൽകുന്നത് ദൈവമാണ്. പണം കൊണ്ട് കിടക്കവാങ്ങാം. പക്ഷേ ഉറക്കം, വാങ്ങാൻ ആവില്ല. ഉറക്കം നൽകുന്നത് ദൈവമാണ്.

സമ്പൽസമൃദ്ധിയുടെ നടുവിൽ ഭക്ഷണം കഴിക്കാൻ സാധിക്കാത്ത, ഉറങ്ങാൻ കഴിയാത്ത ആളുകൾ നമുക്ക് പരിചിതരാണല്ലോ. പണം കൊണ്ട് വീടു, വാങ്ങാം. പക്ഷേ കുടുംബം വാങ്ങാൻ സാധിക്കില്ല. കൂടുമ്പോൾ ഇമ്പം ഉണ്ടാക്കുന്നതാണ് കുടുംബം.

ചുരുക്കിപ്പറഞ്ഞാൽ പണത്തിന് പരിമിതികൾ ഉണ്ടെന്ന് മനസ്സിലാക്കാം. പരിപൂർണ്ണമായ സ്വസ്ഥത തരാൻ പണത്തിന് സാധിക്കുകയില്ല. മറിച്ച് പണത്തെ അമിതമായി ആശ്രയിച്ചാൽ ആ പണം നമ്മളെ അപകടത്തിൽ കൊണ്ട് ചെന്നെത്തിക്കും.

കവിത

ബീറ്റാ

ഫാ. ജോൺ സ്ലീബാ

തലമുറകൾക്ക് പേര് നൽകിയത് ആര്
മനുഷ്യർക്ക് പേര് നൽകിയതിനാലാവാം
പുതിയകാലത്തെ ഇസഡ്, ആൽഫാ
എന്നിവരെ പലതരത്തിൽ ചതിച്ചു നമ്മൾ
മൽസരിക്കുവാൻ അവരെ ശീലിപ്പിച്ചു.
പരീക്ഷയിൽ, പാട്ടിൽ, കളികളിൽ പോലും
ഒറ്റക്കിരിക്കുവാൻ അവരെ പഠിപ്പിച്ചു
സ്വാർത്ഥതയുടെ കൂണുകളായി വളർത്തി
മാർക്കുകൾ ഏറെ വാങ്ങിയിട്ടും
ചിതലരിക്കുന്നു കുട്ടികൾ പലരും
മത്സരങ്ങളില്ലാതെ മനസ്സാക്ഷിയുള്ള
കുട്ടികളായി അവർ വളരട്ടെ
കാലം തെറ്റിയാണിന്ന് കൊന്നകൾ
പൂക്കുന്നതെങ്കിലും പൂവുകൾ തന്നെയല്ലേ
യന്ത്രങ്ങൾ രിക്കുന്നകാലത്ത്
ബീറ്റായെങ്കിലും മനുഷ്യരായി വളരട്ടെ . . . .

വിചാരം

പരുമല പെരുന്നാളിനു മറ്റു ദേവാലയങ്ങളിൽനിന്ന് വ്യത്യസ്തമായി മൂന്ന് കൊടിയുയർത്തൽ

റെജി പാറപ്പുറം

പരുമല പള്ളി ഇടവക പള്ളി കൂടിയാണ്. അതിനാൽ ഇടവകാംഗങ്ങൾ കൊണ്ടുവരുന്ന കൊടിയാണ് ഉയർത്തുന്നത്.

പള്ളിയുടെ കിഴക്ക് ഭാഗത്തൊന്നും പടിഞ്ഞാറ് ഭാഗത്ത് രണ്ട് കൊടികളും ഉയർത്തും.

ഇതിലൊന്ന് പള്ളി മുറ്റത്തും

രണ്ടാമത്തെത് പടിഞ്ഞാറ് ഭാഗത്തുള്ള കുരിശിനോട് ചേർന്നുമാണ്.

പള്ളി മുറ്റത്തുള്ളതാണ് പ്രധാന കൊടിയേറ്റ് നടക്കുന്നത്.

കൊടിയേറുമ്പോൾ വെറ്റിലകൾ മുകളിലോട്ടു വാരിവിതറും. ഇതു തിരുമേനി രോഗശയ്യയിൽ വെറ്റിലപ്പുറത്തു കിടന്നതിനെ അനുസ്മരിച്ചാണ്.

പ്രഥമ പെരുന്നാൾ തുടങ്ങിയ 1903 മുതൽ വിലാപകാവ്യം വഞ്ചിപ്പാട്ട് താളത്തിൽ പാടിയാണ് പെരുന്നാൾ കൊടിയേറ്റ് നടത്തുന്നത്.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ കാലഘട്ടത്തിൽ ഭദ്രാസനമെത്രാപ്പോലിത്തയെന്ന നിലയിൽ മാർ ഒസ്താത്തിയോസായിരുന്നു കൊടിയേറ്റിയിരുന്നത്.

പിന്നീടത് കാതോലിക്ക ബാവയിലേക്ക് മാറി. 118-ാമത് ഓർമ്മപെരുന്നാൾ വരെ പൗലോസ് രണ്ടാമൻ കാതോലിക്ക ബാവായും 119-ാം ഓർമ്മപെരുന്നാൾ മുതൽ മാത്യൂസ് മൂന്നാമനുമാണ് കൊടിയേറ്റുന്നത്.

കൊടിയേറ്റിനു സഭയിലെ മെത്രാപ്പോലീത്താമാരും വൈദികരും വൻ ജനാവലിയും സംബന്ധിക്കുന്നു.

ഒക്ടോബർ ഇരുപത്തിയാറാണ് കൊടിയേറ്റ് ദിനം. നവംബർ രണ്ട് ഞായറായാൽ പെരുന്നാൾ മൂന്നിലേക്ക് മാറും.

മഹാകവി പുത്തൻകാവ് മാത്തൻ തരകൻ സ്മാരക പ്രഭാഷണവും കേരള സാഹിത്യ അക്കാദമി പുനഃപ്രസിദ്ധീകരിച്ച വിശ്വദീപം മഹാകാവ്യം പ്രകാശന സമ്മേളനവും രാജ്യസഭാ മുൻ ഡപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ കുര്യൻ പുത്തൻ കാവിൽ ഉദ്ഘാടനം ചെയ്യുന്നു. മുൻ എം.എൽ.എ. ജോസഫ് എം പുതുശേരി, മാത്തൻ തരകൻ ട്രസ്റ്റ് ചെയർമാൻ ഡോ. പോൾ മണലിൽ, ഡോ.മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത, ഡോ. കുര്യാസ് കുമ്പള കുഴി എന്നിവർ സമീപം.

ഫാ.ജോൺ സ്ളീബാ മുഖത്തലയുടെ 'ചക്രക്കസേരയിലെ മനസ്സ്' എന്ന പുസ്തകത്തിന്റെ പ്രകാശനം ചവറ എം.എൽ.എ. ഡോ. സുജിത്ത് വിജയൻ പിള്ള നിർവഹിച്ചു. തിരക്കഥാകൃത്ത് ദീപു രാജീവൻ പുസ്തകം ഏറ്റുവാങ്ങി. ചലച്ചിത്ര സംവിധായകൻ ഗോവിന്ദ് വിഷ്ണു, ജവഹർ ബാലഭവൻ (കൊല്ലം) മാനേജിംഗ് കമ്മിറ്റി അംഗം പി. ഡി ജോസ്, നാടകകൃത്ത് എം.ജി.സുനിൽ കുമാർ, അഭിനയത്രി രാജി തിരുവാതിര, ഫാ.ജോൺ സ്ലീബാ മുഖത്തല, കേരള ലൈബ്രറി & റീഡിങ് റൂം കൺവീനർ അനിൽകുമാർ എന്നിവർ പങ്കെടുത്തു. പ്രവ്ദ ബുക്സ് ആണ് പുസ്തകം പുറത്തിറക്കിയിരിക്കുന്നത്.

അനുസ്മരണം



ടി.ജെ.എസ്. ജോർജിന് വിട...

ജോർജ് തഴക്കര

യിൽ പോയി മുഖം കാണിക്കണമെന്ന ഒരു കീഴ്വഴക്കം പറ്റ്നായിൽ ഉണ്ടായിരുന്നു. ബോംബെക്കാരനായ എനിക്ക് അതറിഞ്ഞുകൂടായിരുന്നു. സംസ്ഥാനത്ത് എന്തെങ്കിലും ക്രമസമാധാന പ്രശ്നമുണ്ടായാൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് എന്ന കളക്ടറുടെ പ്രസ്താവന മാത്രമേ പ്രസിദ്ധപ്പെടുത്താവൂ എന്നൊരു പതിവും ഉണ്ടായിരുന്നു. ഫ്രീ പ്രസ്സിൽ വളർന്ന എനിക്ക് ആദ്യം അതും അറിഞ്ഞുകൂടായിരുന്നു.' കൂനിന്മേൽ കുരു എന്നതുപോലെ വിദ്യാർത്ഥികൾ ഫീസ് വർദ്ധനവിനും വിലക്കയറ്റത്തിനും എതിരെ സമരത്തിനിറങ്ങി. വിദ്യാർത്ഥികളുടെ കലാപം അക്രമത്തിലേക്കും ബന്ദിലേക്കും നയിച്ചു. പതിവു രീതികൾ മറികടന്ന് ടി.ജെ.എസ്. ജോർജ് സമഗ്രമായ വാർത്തകൾ പ്രസിദ്ധീകരിച്ചതോടെ മുഖ്യമന്ത്രി കെ.ബി. സഹായിയുടെ അപ്രീതിയുണ്ടായി. പത്രത്തിനു പ്രചാരം വർദ്ധിച്ചു. പ്രിന്റ് ഓർഡർ ഒരു ലക്ഷം കവിഞ്ഞു. രാഷ്ട്രീയ താല്പര്യങ്ങൾക്കു വഴങ്ങാതെ നിലപാടിൽ ഉറച്ചുനിന്ന ടി.ജെ.എസ്. ജോർജിനെ അറസ്റ്റു ചെയ്തു ജയിലിൽ അടച്ചു. പത്രസ്വാതന്ത്ര്യത്തിന്റെ പേരിൽ നടന്ന രാജ്യത്തെ ആദ്യത്തെ അറസ്റ്റായിരുന്നു അത്. ബങ്കിപ്പൂരിലെ ജയിലിലായിരുന്നു ആദ്യദിവസം കഴിഞ്ഞത്. വലിയൊരു ഹാൾ. അതിൽ എൺപതോളം തടവുകാർ. അവിടെത്തന്നെയായിരുന്നു രാത്രി ഉറക്കവും. മുറിയുടെ മൂലയിലായി ഒരു മറയുമില്ലാതെയാണ് തടവുകാർ മലമൂത്രവിസർജ്ജനം നടത്തിയിരുന്നത്. അസഹനീയമായിരുന്നു ആ രാത്രി. പിറ്റേദിവസം സ്വന്തമായി ഒരു സെൽ ലഭിച്ചു. അവിടെ മലമൂത്ര വിസർജ്ജനത്തിനായി ഒരു തൊട്ടി അനുവദിച്ചിരുന്നു. 'അമൂല്യമായ സുഖഭോഗവസ്തു' എന്നാണ് അതിനെ അദ്ദേഹം വിശേഷിപ്പിച്ചത്. പിന്നീട് ഹസാരി സെൻട്രൽ ജയിലിലേക്കു മാറ്റി. അവിടെയുണ്ടായിരുന്ന തടവുകാരനായിരുന്നു റാം മനോഹർ ലോഹ്യ.

പ്രതിരോധ മന്ത്രി വി.കെ. കൃഷ്ണമേനോൻ ഡൽഹിയിൽ നിന്നും പറ്റ്നായിൽ എത്തി ഹേബിയസ് കോർപ്പസ് കേസു ഫയൽ ചെയ്തതോടെ വിഷയം ഗൗരവമായി. വി.കെ. കൃഷ്ണമേനോന്റെ വാദത്തിനു മുന്നിൽ സർക്കാരിനു പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. കോടതി ടി.ജെ.എസ്. ജോർജിന് ജ്യാമം അനുവദിച്ചു. അഡ്വക്കേറ്റ് ജനറൽ സുപ്രീം കോടതിയിൽ പോകുവാനുള്ള തയ്യാറെടുപ്പു നടത്തിയെങ്കിലും അതും തിരിച്ചടിയായി. റാം മനോഹർ ലോഹ്യയുടെ അറസ്റ്റ് സുപ്രീം കോടതി നിയമവിരുദ്ധമായി പ്രഖ്യാപിച്ചതോടെ സമാനസ്വഭാവമുള്ള ടി.ജെ.എസ്. മൂന്നാഴ്ചയോളം ജയിലിൽ കിടന്ന ടി.ജെ.എസ്. ജോർജ് മോചിതനായി.

ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ക്ഷണപ്രകാരം അമേരിക്കയിലും സ്വിറ്റ്സർലണ്ടിലും ഒരു വർഷം ചെലവഴിച്ചു. ഇക്കാലത്ത് വിയറ്റ്നാം, സിങ്കപ്പൂർ, ഫിലിപ്പൈൻസ് പത്രങ്ങളിലും എഴുതി. 'ഫാർ ഈസ്റ്റേൺ ഇക്കണോമിക് റിവ്യൂന്റെ പൊളിറ്റിക്കൽ എഡിറ്ററായി കുറച്ചുകാലം ജോലി ചെയ്തു. ഹോങ്കോംഗിലായിരുന്നു താമസം. പ്രധാനമന്ത്രി ലികുവാൻ യുവിന്റെ സേച്ഛാധികാര ഭരണത്തെയും അഴിമതിയേയും തുറന്നെഴുതി. ദക്ഷിണ ഫിലിപ്പൈൻസിലെ മുസ്ലീം ജീവിതങ്ങളെക്കുറിച്ചുള്ള 'റിവോൾട്ട് ഇൻ മിൻഡനാവോ' ഏറെ ചർച്ച ചെയ്യപ്പെട്ടു. ചൈന പുതിയൊരു സമ്പത്ത് വ്യവസ്ഥയുടെ രാജ്യമെന്ന കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചൈനയെക്കുറിച്ച് പ്രത്യേകം പഠിക്കുകയും ആധുനിക ചൈനയെക്കുറിച്ച് തുടർച്ചയായി എഴുതുകയും ചെയ്തു.

ന്യൂസിലാന്റിലെ പ്രമുഖ പത്രപ്രവർത്തകൻ മൈക്കിൾ ഓനീലുമായി ചേർന്ന് 'ഏഷ്യാ വീക്ക്' എന്ന വാരിക ആരംഭിച്ചു. ഏഷ്യൻ രാജ്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഏഷ്യൻ സാംസ്കാരിക ഭൂപടം ആശയങ്ങളിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞതോടെ വാരികയ്ക്ക് കൂടുതൽ പ്രചാരം ലഭിച്ചു. സാമ്പത്തികപ്രതിസന്ധിയിലൂടെ കടന്നുപോയ 'ഏഷ്യാ വീക്കിന്റെ' ഭൂരിഭാഗം ഓഹരികളും റീഡേഴ്സ് ഡൈജസ്റ്റിനു വിൽക്കേണ്ടിവന്നു. പത്രസ്ഥാപനം ഒഴിഞ്ഞ് ഇന്ത്യയിലെത്തി.

1983 മുതൽ ഇന്ത്യൻ എക്സ്പ്രസിലായി. എക്സ്പ്രസ് ഗ്രൂപ്പിന്റെ പിളർപ്പിന്റെ കാലമായിരുന്നു അത്. തെക്കൻ പതിപ്പുകൾ 'ദി ന്യൂസ് ഇൻഡ്യൻ എക്സ്പ്രസ്' എന്നു പുനർനാമകരണം ചെയ്യപ്പെട്ടപ്പോൾ ടി.ജെ.എസ്. ജോർജിനെ മാനേജ്മെന്റ് പത്രത്തിലേക്ക് ക്ഷണിച്ചു. പ്രതിവാര കോളം ശ്രദ്ധനേടി. എഡിറ്റോറിയൽ നിലപാടിനു യോജിക്കാത്ത വിഷയം കൈകാര്യം ചെയ്തപ്പോഴും മാനേജ്മെന്റ് മൗനം പാലിച്ചു. വാർത്ത സൃഷ്ടിക്കുന്നതിനോടൊപ്പം റീ ഡിസൈൻ പ്രോജക്ടിലും ശ്രദ്ധിച്ചിരുന്നു. അന്താരാഷ്ട്ര പ്രചാരമുള്ള പത്രങ്ങളുടെ രൂപകല്പന സസൂക്ഷ്മം ശ്രദ്ധിക്കുകയും അത് ഇന്ത്യൻ സാഹചര്യത്തിൽ പുനരവതരിപ്പിക്കുന്നതിനു നേതൃത്വം നൽകുകയും ചെയ്തു.

'പോയിന്റ് ഓഫ് വ്യൂ' പ്രതിവാര പംക്തി തുടർച്ചയായി 25 വർഷം 'ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസി'ൽ പ്രസിദ്ധീകരിച്ചു. വിഷയം സംബന്ധിച്ചുള്ള വായനക്കാരുടെ വിയോജിപ്പുകളും തുടർ കോളങ്ങളിൽ ഇടംപിടിച്ചിരുന്നു. 1997ൽ ഫീച്ചർ പേജിലാണ് കോളം ആരംഭിക്കുന്നത്. തൊണ്ണൂറ്റിനാലാം വയസ്സിൽ ദി ന്യൂ സൺഡേ എക്സ്പ്രസിൽ 'Now is the Time to say Goodbye' കോളം എഴുത്ത് അവസാനിപ്പിച്ചു. എക്സ്പ്രസ് കോളം 'The First Regue of Scoundrels' എന്ന പേരിൽ 2003ൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിന് ഏറെ പ്രചാരം ലഭിക്കുകയുണ്ടായി.

'ദി ന്യൂ ഇൻഡ്യൻ എക്സ്പ്രസി'ന്റെ മലയാളത്തിൽ ഒരു പ്രസിദ്ധീകരണം തുടങ്ങുമെന്ന ചിന്തയിൽ നിന്നുമാണ് 'സമകാലിക മലയാളം' വാരിക ഉണ്ടാകുന്നത്. ഇതിന്റെ ഉപദേഷ്ടാവായി മാനേജ്മെന്റ് ടി.ജെ.എസ്. ജോർജിനെ നിയമിച്ചു. വാരിക എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ച് പല ദിവസങ്ങളായി എം.പി.നാരായണപിള്ളയുമായി ചർച്ച ചെയ്തു. എസ്.ജയചന്ദ്രൻനായർ എന്ന എഡിറ്ററെയും, ആർട്ടിസ്റ്റ് നമ്പൂതിരി എന്ന രേഖാചിത്രകാരനെയും, ഭട്ടതിരിപ്പാട് എന്ന കാലിയോഗ്രാഫറെയും കണ്ടെത്തിയതോടെ വാരികയുടെ അടിത്തറ ഉറപ്പിച്ചു. എം.കൃഷ്ണൻനായരുടെ വാരഫലം വാരികയ്ക്കു പ്രചാരം വരുത്തി. എം.ടിയുടെ ഇഷ്ടം കൂടിയായപ്പോൾ അതിനൊരു ചാരുത കൈവന്നു. 1997 മെയ് മാസത്തിൽ 'സമകാലിക മലയാളം' അതിന്റെ തിരുപ്പുറപ്പാടിനു തുടക്കം കുറിച്ചു. കെട്ടിലും മട്ടിലും പുതുമ നിലനിർത്തി സമകാലിക മലയാളം വളരെ വേഗത്തിൽ തന്നെ പ്രചരിച്ചു തുടങ്ങി. എം.പി. നാരായണപിള്ളയുടെ നിർബ്ബന്ധത്തിനു വഴങ്ങിയാണ് ടി.ജെ.എസ്. ജോർജ് 'ഘോഷയാത്ര' എന്ന പംക്തി എഴുതുന്നത്. ടി.ജെ.എസ്. ജോർജിനെ മലയാളികൾ തിരിച്ചറിഞ്ഞു തുടങ്ങിയത് അതിലൂടെയാണ്. അതുവരെ അദ്ദേഹമൊരു മലയാളിയായ ഉത്തരേന്ത്യൻ പത്രപ്രവർത്തകനായിരുന്നു. വ്യക്തിചിത്രങ്ങളിലൂടെ ഇന്ത്യൻ സാംസ്കാരത്തിന്റെയും പത്രപ്രവർത്തന കാലഘട്ടങ്ങളെയും അതിലൂടെ കണ്ടെത്തുകയായിരുന്നു. വ്യക്തിചിത്രങ്ങളാകട്ടെ അതുവരെ ആരും കാണാതിരുന്ന തലത്തിലൂടെയുള്ള സഞ്ചാരമായിരുന്നു.

ഭാര്യ അമ്മു ടി.ജെ.എസ്. ജോർജിന്റെ ജീവിതാനുഭവത്തിന്റെ സാക്ഷിയാണ്. ജിത് തയ്യിലും ഷേബാ തയ്യിലുമാണ് മക്കൾ. ജിത് അറിയപ്പെടുന്ന കഥാകാരനാണ്.

ബെംഗളൂരും കോയമ്പത്തൂരുമായിരുന്നു ടി.ജെ.എസ്.ജോർജ് തന്റെ താവളങ്ങളായി കണ്ടിരുന്നത്.

Krishna Menon (1964), Lee Kuan Yew's Singapore (1973), The Life and Times of Nargis (1994), The Enquire Dictionary: Ideas, Issues, Innovations (1998), The Enquire Dictionary of Quotations (2001), Lessons in Journalism – The Story of Pothan Joseph 2007), The First Refuge of Scoundrels: Politics in Modern India (2003) എന്നിവയാണ് പ്രസിദ്ധീകരിച്ച കൃതികൾ. ഇതുകൂടാതെ, Revolt in Mindanao: The Rise of Islam in Philippine Politics (1980), Revolt in Bihar: A study of the August 1965 uprising (1965), The Provincial Press in India (1966), A Handbook for Journalists (1989), India 1000 to 2000: the story2 of a 1000 years (2000), India at 50: Facts, Figures and Analyses 1947 – 1997 (1997), MS – A Life in Music, (2004) The Goenka Letters: Behind the scenes in the Indian Express (2006) എന്നീ കൃതികൾ എഡിറ്റു ചെയ്തിട്ടുമുണ്ട്.

വി.കെ.കൃഷ്ണമേനോൻ, എം.എസ്.സുബ്ബലക്ഷ്മി: സംഗീതത്തിൽ ഒരു ജീവിതം, നാടോടിക്കപ്പലിൽ നാലുമാസം, പത്രപ്രവർത്തനങ്ങളിലെ പാഠങ്ങൾ: പോത്തൻ ജോസഫിന്റെ കഥ, നർഗീസ്: ജീവിതവും കാലവും എന്നീ കൃതികളുടെ വിവർത്തനങ്ങളും ഘോഷയാത്ര, ഒറ്റയാൻ, ഗജവും അജവും മണ്ഡത്തരങ്ങളും, ബഷീർ മുതൽ മോഹൻലാൽ വരെ മലയാളിയുടെ സ്വത്ത് എന്നീ കൃതികൾ മലയാളത്തിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പത്രിക അക്കാദമി പുരസ്കാരം (2001), കന്നഡ രാജ്യോത്സവ പുരസ്കാരം (2007), ബഷീർ പുരസ്കാരം (2008), അഴീക്കോട് അവാർഡ് (2013), കേസരി പുരസ്കാരം (2017), കമല സുരയ്യ അവാർഡ് (2017), സി.എച്ച്.മുഹമ്മദ് കോയ പത്രപ്രവർത്തക പുരസ്കാരം (2005), വക്കം മൗലവി സ്മാരക പുരസ്കാരം (2024) തുടങ്ങിയ നിരവധി അവാർഡുകളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

ഏഴരപതിറ്റാണ്ടുകാലം കേരളത്തിനു പുറത്തു ജീവിച്ചിട്ടും ടി.ജെ.എസ്. ജോർജ് അക്കാലമത്രയും കേരളീയനായിത്തന്നെ ജീവിച്ചു. ഓരോ മാറ്റങ്ങളെയും തിരിച്ചറിഞ്ഞിരുന്നു. വൈകി മാത്രമാണ് മലയാളത്തിൽ എഴുതി തുടങ്ങിയത്. ആ എഴുത്തനുഭവം ഉൾക്കാഴ്ചയുള്ളതായിരുന്നു. നൈതീകത പത്രപ്രവർത്തനകാലമത്രയും കാത്തു സൂക്ഷിച്ചു.

വി.കെ.കൃഷ്ണമേനോന്റെ ജീവചരിത്രത്തെ അടിസ്ഥാനമാക്കി 'കൃഷ്ണ' എന്ന തിരക്കഥ ശശി തരൂരുമായി ചേർന്നു എഴുതി തുടങ്ങിയെങ്കിലും അതു പൂർത്തിയാക്കാൻ കഴിഞ്ഞില്ല. വി.കെ.കൃഷ്ണമേനോന്റെ ജീവിതത്തെ അടുത്തറിഞ്ഞ, ആ വ്യക്തിത്വത്തെ തിരിച്ചറിഞ്ഞ ടി.ജെ.എസ്. ജോർജിന്റെ സഫലമാകാത്ത ഒരാഗ്രഹമായി അത് അവശേഷിക്കുന്നു.

റിപ്പോർട്ടിങ്ങിലും എഡിറ്റിംഗിലും മാത്രമല്ല, പ്രിന്റിംഗ് ടെക്നോളജിയിലും അഗാധമായ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഇന്ത്യൻ പത്രപ്രവർത്തനത്തിലെ ഒന്നാം നിരക്കാരായ പത്രപ്രവർത്തകരെ കണ്ടും കേട്ടും ആ വഴിയിലൂടെ സഞ്ചരിച്ച ടി.ജെ.എസ്.ജോർജ് 2025 ഒക്ടോബർ 3ന് 97-ാം വയസ്സിൽ ബെംഗളൂരിൽ അന്തരിച്ചു.

ടി.ജെ.എസ്. ജോർജ് സേർച്ച് ലൈറ്റിന്റെ പത്രാധിപരായി. പുതിയ പത്രാധിപന്മാർ ചാർജ്ജെടുക്കുമ്പോൾ മുഖ്യമന്ത്രിയുടെ വസതിയിൽ പോയി മുഖം കാണിക്കണമെന്ന കീഴ്വഴക്കം ലംഘിച്ചു. പറ്റ്നായിൽ നടന്ന വിദ്യാർത്ഥി സമരത്തെ അനുകൂലിച്ചുകൊണ്ട് വാർത്തകൾ എഴുതിയതോടെ മുഖ്യമന്ത്രി കെ.ബി. സഹായിയുടെ അപ്രീതിക്കു കാരണമായി. രാഷ്ട്രീയ താല്പര്യങ്ങൾക്കു വഴങ്ങാത്ത ടി.ജെ.എസ്. ജോർജിനെ അറസ്റ്റു ചെയ്തു ജയിലിൽ അടച്ചു. പത്രസ്വാതന്ത്ര്യത്തിന്റെ പേരിൽ നടന്ന രാജ്യത്തെ ആദ്യത്തെ അറസ്റ്റായിരുന്നു അത്.



എം.ഒ.സി. പ്രസിദ്ധീകരണം

ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ കൃതികൾ

ദിവ്യജ്ഞാനം - I വില 220രൂപ
ദിവ്യജ്ഞാനം - II വില 220 രൂപ
ദിവ്യജ്ഞാനം - III വില 220 രൂപ
ദിവ്യജ്ഞാനം - IV വില 220 രൂപ
സ്പന്ദനങ്ങൾ വില 170രൂപ





മുഖവില **1050** രൂപ

ഇപ്പോൾ
35 ശതമാനം
വിലക്കുറവിൽ ലഭിക്കുന്നു.



ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട്...

ഡോ. എം. കുര്യൻ തോമസ്
(ജനറൽ എഡിറ്റർ, പൈതൃകം മലങ്കര സഭാ സാഹിതി സരണി)

ജീവിതകാലത്തും, മരണത്തിലും, മരണാനന്തരവും ഞെട്ടിച്ച ഒരു വ്യക്തി പ്രഭാവമായിരുന്നു മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ. വർത്തമാനകാല കീഴ്വഴക്കങ്ങൾക്കു വിരുദ്ധമായി 36-ാം വയസിൽ തിരഞ്ഞെടുക്കപ്പെടുകയും, നാല്പതു വയസിനു മുമ്പ് മേല്പട്ട സ്ഥാനത്തേക്കു വാഴിക്കപ്പെടുകയും, താരതമ്യേന കുറഞ്ഞ പ്രായത്തിൽത്തന്നെ കാതോലിക്കാ സ്ഥാനത്ത് അവരോധിക്കപ്പെടുകയും ചെയ്ത അദ്ദേഹത്തിനു സമാനതകളില്ല.

സ്വതവേ നാണംകുണുങ്ങിയായ പൗലൂസ് ദ്വിതീയൻ, അത്യുന്നത മഹാപുരോഹിതപദത്തിലേറിയശേഷം ലോകമെങ്ങുമുള്ള തന്റെ സഹോദര സഭാദ്ധ്യക്ഷന്മാരുമായി ഊഷ്മളമായ സൗഹൃദം സ്ഥാപിക്കുകയും സന്ദർശന-പ്രതി സന്ദർശനങ്ങൾ നടത്തുകയും ചെയ്തു. എന്നു മാത്രമല്ല, വിവിധ അന്തർദേശീയ വേദികളിൽ തന്റെ സാന്നിദ്ധ്യത്തിന്റെ മുദ്ര പതിപ്പിക്കുകയും ചെയ്തു.

കബറടക്കവും അടിയന്തിരവും കഴിഞ്ഞാണ് പൗലൂസ് ദ്വിതീയൻ കുറഞ്ഞ പക്ഷം ഈ ലേഖകനെയെങ്കിലും ഞെട്ടിച്ചത്. രണ്ട് തടിയൻ ഫയലുകളുടെ രൂപത്തിലാണ് ഈ *ഞെട്ടൽ* കടന്നുവന്നത്. കത്തനാർ, റമ്പാൻ, മെത്രാൻ സ്ഥാനങ്ങളിലിരിക്കുമ്പോൾ പ. പിതാവ് സ്വന്തം കൈപ്പടയിലെഴുതിയ പ്രസംഗക്കുറിപ്പുകളുടെ സമാഹാരമായിരുന്നു അവ. 2010-21 കാലത്ത് താൻ അത്യുന്നത മഹാപുരോഹിതന്റെ സിംഹാസനത്തിലിരിക്കുമ്പോൾ അത്യപൂർവം ചില അന്തർദേശീയ വേദികളിലൊഴികെ പ. പിതാവ് പ്രസംഗത്തിനായി ഒരു തുണ്ടുകടലാസിനെയെങ്കിലും ആശ്രയിക്കുന്നത് ആരും കണ്ടിട്ടില്ല. അതു ഞായറാഴ്ച-പെരുന്നാൾ പ്രസംഗങ്ങൾ ആയാലും, അനുസ്മരണങ്ങൾ ആയാലും, പൊതു വേദികൾ ആയാലും മാറ്റമില്ല. ആ വ്യക്തിയാണ് ഇത്ര വിപുലമായ സ്വന്തം ഈ പ്രസംഗക്കുറിപ്പുകളുടെ സമാഹാരത്തിന്റെ ഉടമ! ഒന്നും രണ്ടുമല്ല; 450 പ്രസംഗക്കുറിപ്പുകൾ ഉണ്ടായിരുന്നു അദ്ദേഹംതന്നെ സൂക്ഷിച്ചിരുന്ന ആ ഫയലുകളിൽ! കാലപ്പഴക്കം കൊണ്ടു നഷ്ടപ്പെട്ട ഏതാനും വാക്കുകളൊഴികെ സമ്പൂർണ്ണമായും പഠനവിധേയമാണ് ഈ പ്രസംഗക്കുറിപ്പുകൾ.

ഈ രേഖാ സമുച്ചയത്തിൽ പൂർണ്ണരൂപത്തിലുള്ള പ്രസംഗങ്ങൾ വളരെ കുറവാണ്. സ്വന്തം റഫറൻസിനായി കുറിച്ചുവെച്ച ആശയങ്ങൾ മാത്രമാണവ. ചിലത് സാമാന്യം ദീർഘമാണ്. ചിലത് ഏതാനും വാചകങ്ങൾ മാത്രം. മറ്റു ചിലതാകട്ടെ ഏതാനും വാക്കുകളിലൊതുങ്ങും.

പൊതുവെ ഒരു വേദവാക്യത്തിന്റെ സൂചനയോടെയാണ് ഈ കുറിപ്പുകൾ ആരംഭിക്കുന്നത്. തുടർന്ന് അതിന്റെ വ്യാഖ്യാനവും വിശകലനവുമാണ്. ഇതിനിടയിൽ സമകാലിക സംഭവങ്ങളും പത്രവാർത്തകളും ഇന്ത്യൻ പുരാണങ്ങളും അന്തർദേശീയ സംഭവങ്ങളും ഒക്കെ കടന്നുവരും. തനിക്കുമാത്രമറിയാവുന്ന ചില വായ്മൊഴികളെയും പ്രാദേശിക കഥകളെയും പറ്റിയുള്ള സൂചനകളും ചില കുറിപ്പുകളിലുണ്ട്.

പ. പിതാവിന്റെ വേദശാസ്ത്ര-സഭാവിജ്ഞാനീയ ദർശനങ്ങളുടെ ഘടനയോ അവയുടെ സ്രോതസോ ഈ ലേഖകനറിയില്ല. പക്ഷേ അദ്ദേഹം പഠിച്ച ഭൗതീകശാസ്ത്രം, സാമൂഹികശാസ്ത്രം എന്നീ സരണികളുടെ സ്വാധീനം പല കുറിപ്പുകളിലും വ്യക്തമായി ദർശിക്കാം.

സെമിനാരി വിദ്യാഭ്യാസത്തിനു പ്രീഡിഗ്രിയോ തത്തുല്യ യോഗ്യതയോ മാത്രം അടിസ്ഥാന മാനദണ്ഡമായിരുന്ന കാലത്ത് ഭൗതീകശാസ്ത്രത്തിൽ ബിരുദത്തോടുകൂടി സെമിനാരി പ്രവേശനത്തിനെത്തിയ പൗലൂസ് ദ്വിതീയന് അക്ഷരത്തിന്റെ വിലയും വിദ്യയുടെ ശക്തിയും നന്നായി അറിയാമായിരുന്നു. കത്തനാർക്ക് ഒരു ബിരുദംതന്നെ ഭൂഷണമായിരുന്ന കാലത്ത് സെമിനാരി പഠനത്തിനുശേഷം കോളേജിൽ ചേർന്നുപഠിച്ച് സാമൂഹിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയതും ഇതിനു തെളിവാണ്. ജ്ഞാനത്തെപ്പറ്റിയുള്ള ഈ അവബോധം അദ്ദേഹം പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കുന്നതിലും പ്രതിഫലിക്കുന്നുണ്ട്.

ഞായറാഴ്ചകൾ, പെരുന്നാളുകൾ, ആദ്ധ്യാത്മിക പ്രസ്ഥാന വാർഷികങ്ങൾ മുതലായവയ്ക്കു മാത്രമല്ല, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ സഹപട്ടക്കാരനായിരിക്കെ അനേകം ഭവന പ്രാർത്ഥനായോഗങ്ങൾക്കും തയാറാക്കിയ കുറിപ്പുകൾ ഈ സമാഹാരത്തിലുണ്ട്. ഒരു പക്ഷേ അവയായിരിക്കും ഭൂരിപക്ഷം എന്നു പറയുന്നതിൽ തെറ്റില്ല. പല കുറിപ്പുകളിലും *വേദി* സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ ഒരു കണക്കെടുപ്പ് അസാദ്ധ്യമാണ്. സദസ്സ് വിപുലമായാലും എത്ര ചെറുതായാലും തയ്യാറെടുപ്പോടെ മാത്രമേ അഭിസംബോധന ചെയ്യാവൂ എന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു. കുറിപ്പുകൾ ഉപയോഗിക്കാറില്ലായിരുന്നു എങ്കിലും പൗരസ്ത്യ കാതോലിക്കാ ആയ ശേഷവും അദ്ദേഹം പ്രസംഗപീഠത്തിൽ കയറിയിരുന്നത് കൃത്യമായ തയാറെടുപ്പോടുകൂടി മാത്രമായിരുന്നു എന്ന് ഈ ലേഖകന് നേരിട്ടറിയാം.

പ്രസംഗങ്ങളും ലേഖനങ്ങളും തയ്യാറാക്കുന്നതിൽ പ. പിതാവ് അത്യന്തം സൂക്ഷ്മത പുലർത്തിയിരുന്നു എന്ന് ഒരു സംഭവംകൊണ്ട് വ്യക്തമാക്കാം. കുന്നംകുളം മെത്രാനായിരിക്കെ അവിടുത്തെ ഒരു പള്ളിയുടെ സുവനീറിന് ലേഖനം കൊടുക്കാമെന്നു അദ്ദേഹം സമ്മതിച്ചിരുന്നു. നിശ്ചിത സമയം കഴിഞ്ഞിട്ടും അതു സാധിക്കാത്തതിൽ മുഷിഞ്ഞു സംസാരിച്ച പള്ളി ഭാരവാഹിയോട് അദ്ദേഹം പറഞ്ഞു: *...എടാ നീ തെങ്ങിനു തടമെടുക്കുന്നതുപോലെ ഒരു തൂമ്പാ എടുത്ത് നാല് കിള കിളച്ചാൽ ലേഖനം വരില്ല. അതിനു പഠിക്കണം, ചിന്തിക്കണം. അതിനു സമയം വേണം. എനിക്കു സമയം കിട്ടിയില്ല. അതുകൊണ്ട് എഴുതിയുമില്ല...*

ഈ കുറിപ്പുകൾ തയാറാക്കിയിരിക്കുന്ന മാദ്ധ്യമങ്ങളും ശ്രദ്ധേയമാണ്. വെറും കടലാസുകൾ, എറണാകുളം പള്ളിയുടെ ലറ്റർപാഡ്, തുണ്ടുകടലാസുകൾ, വിവാഹ ക്ഷണപത്രങ്ങൾ മുതലായി വൈവിദ്ധ്യമാർന്ന പ്രതലങ്ങളിലാണ് ഇവ രചിക്കപ്പെട്ടത്. എന്തിനധികം! പരുമല സെമിനാരിയിലെ വൗച്ചറിന്റെ പുറത്തുപോലും പ. പിതാവ് പ്രസംഗക്കുറിപ്പ് തയാറാക്കിയിട്ടുണ്ട്. പരിമിതമായ സാഹചര്യങ്ങളിലും *പ്രസംഗത്തിന് തയ്യാറെടുക്കുക* എന്നത് അനിവാര്യമാണെന്നു പൗലൂസ് ദ്വിതീയൻ വിശ്വസിച്ചിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്.

പൗരാണിക സഭകളിൽ അത്യന്തം പ്രാധാന്യമുള്ള ഒരു പഠനശാഖയാണ് *പിതൃവിജ്ഞാനീയം* (Patristics). മൺമറഞ്ഞ സഭാ പിതാക്കന്മാർ വാമൊഴിയായും വരമൊഴിയായും ശേഷിപ്പിച്ച ചിന്തകളുടേയും ദർശനങ്ങളുടെയും സമാഹരണവും പഠനവുമാണ് ഈ വേദശാസ്ത്ര ശാഖയുടെ അസ്ഥിവാരം. അനേക നൂറ്റാണ്ടുകളിൽ നൂറുകണക്കിനു സഭാ പിതാക്കന്മാരുടെ പഠനങ്ങളിലൂടെയും ചിന്തകളിലൂടെയും ഉണ്ടായ പരിശുദ്ധാത്മ വ്യാപാരമാണ് പ. സഭയുടെ വേദാധിഷ്ഠിതമായ വേദശാസ്ത്രവും ദൈവശാസ്ത്രവും സന്മാർഗ്ഗശാസ്ത്രവും ആയി ഇന്ന് നിലനിൽക്കുന്നത്. ഈ പ്രബോധനങ്ങളുടെ കാച്ചിക്കുറുക്കിയ സത്താണ് *ദിവ്യജ്ഞാനം ശ്രദ്ധിച്ചുകൊണ്ട്* ഇന്ന് പ. സഭ പിന്തുടരുന്നത്.

രണ്ട് സഹസ്രാബ്ദങ്ങൾക്കിടയിൽ അനേകം സഭാ പിതാക്കന്മാർ മലങ്കര നസ്രാണികൾക്കിടയിൽ ഉയർന്നുവന്ന് അവരെ പ്രബോധിപ്പിച്ചിട്ടുണ്ട്. പക്ഷേ അവയിൽ ലിഖിതരൂപത്തിൽ അവശേഷിച്ചത് തുലോം പരിമിതമാണ്. അതിനാൽത്തന്നെ മലങ്കര സഭാ പിതാക്കന്മാരെ അവലംബിച്ചുള്ള പിതൃവിജ്ഞാനീയ പഠനങ്ങൾ തികച്ചും പരിമിതവുമാണ്. അച്ചടിച്ചതോ ആരെങ്കിലും കേട്ട് എഴുതിയെടുത്തതോ ആയ അംഗുലീ പരിമിതമായ പ്രസംഗങ്ങൾ മാത്രമാണ് പ.പരുമല തിരുമേനി മുതലുള്ള മലങ്കരസഭാ പിതാക്കന്മാരുടേതായി അവശേഷിച്ചിട്ടുള്ളത്. അതിനാൽത്തന്നെ പൗലൂസ് ദ്വിതീയന്റെ പ്രസംഗക്കുറിപ്പുകൾ മലങ്കര സഭയ്ക്ക് ഒരു അമൂല്യ സമ്പത്താണെന്നു നിസംശയം പറയാം.

പല തലങ്ങളിൽ ഈ കുറിപ്പുകൾ പഠനവിധേയമാക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി അവയിലെ ആദ്ധ്യാത്മിക-വേദശാസ്ത്ര-സഭാവിജ്ഞാനീയ ദർശനങ്ങളെപ്പറ്റി. അദ്ദേഹത്തിന്റെ സാമൂഹികശാസ്ത്ര-വർത്തമാനകാല വിശകലനങ്ങളാണ് രണ്ടാമതായി പഠനവിധേയമാക്കേണ്ടത്. ഒരു ഇടവക പട്ടക്കാരൻ, ഇടയൻ എന്നീ നിലകളിൽ ഇത്തരം പ്രബോധനങ്ങളുടെ പ്രസക്തിയും സ്വാധീനവും പഠന വിധേയമാക്കേണ്ടതാണ്.

സ്വജീവിതകാലത്ത് ഒരു ഉജ്വല പ്രഭാഷകനോ, പ്രാസംഗികനോ, ധ്യാനഗുരുവോ ആയി തീർത്തും അറിയപ്പെടാതിരുന്ന മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ മലങ്കര സഭയിലെ വരും തലമുറകൾക്കായി കാത്തുവെച്ച തിരുശേഷിപ്പാണ് *ദിവ്യജ്ഞാനം* എന്നു നാമകരണം ചെയ്യാവുന്ന ഈ പ്രസംഗക്കുറിപ്പുകൾ. ശരിയായി ഉപയോഗിച്ചാൽ മലങ്കര സഭയുടെ പിതൃവിജ്ഞാനീയ പഠനത്തിന് പുത്തൻ ഉണർവേകുന്ന ഉത്തേജക ഔഷധം.

Malankara Orthodox Publication Bulletin is published by Fr. Abraham John Thekketharayil, Secretary on behalf of MOC Publiations, Kottayam.

MALANKARA ORTHODOX CHURCH PUBLICATIONS
DEVALOKAM-KOTTAYAM-1, KERALA, INDIA
E-mail : mocpublications@gmail.com

എം.ഒ.സി. ബുക്സ്

മലങ്കര ഓർത്തഡോക്സ് സഭയുടെ
ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം

പരുമല പെരുന്നാളിനോടനുബന്ധിച്ച്
പ്രത്യേക ബുക്ക്സ്റ്റാൾ
ഉണ്ടായിരിക്കുന്നതാണ്

പെരുന്നാളുകൾക്ക് ഇടവക തലത്തിലുള്ള സ്റ്റാളുകൾക്ക് പ്രത്യേക നിരക്കിൽ പുസ്തകങ്ങൾ ലഭ്യമാണ്.

SPECIAL
DISCOUNT

പരുമല സെമിനാരിയിൽ
എം.ഒ.സി. ബുക്സ് സ്റ്റാൾ എല്ലാ
ദിവസവും തുറന്ന് പ്രവർത്തിക്കുന്നു.

TODAY A READER
TOMORROW A LEADER

- മാര്യേജ് ഗിഫ്റ്റ് പായ്ക്കറ്റ്
- മായമില്ലാത്ത കുന്തിരിക്കം
- വേദശാസ്ത്ര ഗ്രന്ഥങ്ങൾ, പള്ളി ഉപകരണങ്ങൾ, സഭാ പ്രസിദ്ധീകരണങ്ങൾ, ഫോട്ടോകൾ, ഐക്കണുകൾ
- ആരാധനാ വസ്ത്രങ്ങൾ (കാപ്പ, വിരിക്കൂട്ട്, ശോശപ്പാ) മുത്തുക്കുടകൾ
- ഇടവക രജിസ്റ്ററുകൾ (മാമോദീസാ, വിവാഹം, മരണം)
- ഓർത്തഡോക്സ് പ്രെയർ റോപ്പുകൾ
- സഭാ പതാകകൾ, സഭാ എംബ്ലം സ്റ്റിക്കറുകൾ

MOC BOOKS

Erayilkadavu Rd., Manorama Jn., Kottayam
Devalokam Aramana & Parumala Seminary

0481-2561305 8111925411 9496161305